# TRICHUR ARCHDIOCESAN BULLETIN

ജൂൺ 2026 | വാല്യം: 93 | ലക്കം: 06



TAB

തിരുഹൃദയ തിരുനാൾ

*From* : Editor, Trichur Archdiocesan Bulletin, Catholic Archbishop's House,
Thrissur, Kerala - 680 005 Ph: 0487-2333325, 2338203, 2333542

# ആദരാഞ്ജലികൾ



## ഫാ. പോൾ കാപ്പാനി

ജനനം : 22.01.1960
പൗരോഹിത്യം : 30.12.1985
മരണം : 01.05.2026

Trichur Archdiocesan Bulletin
# TAB

ESTD:1934

ജൂൺ 2026

ലക്കം: 06 | വാല്യം: 93

06

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Shijo Chiriyankandath**
*Design*
smritidesign.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

## ഉള്ളടക്കം

| | |
|---|---|
| സർക്കുലർ | 04 |
| കച്ചേരിക്കാര്യം | 10 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 17 |
| സഹായമെത്രാന്റെ പരിപാടികൾ | 18 |
| നാളാഗമം | 15 |
| നാമകരണ നടപടികൾ | 29 |
| സാമ്പത്തിക കാര്യാലയം | 33 |
| വൈദികർ | 41 |
| സന്യസ്തർ | 46 |
| വിശ്വാസ പരിശീലനം | 53 |
| സ്ഥാപനങ്ങൾ | 66 |
| സംഘടനകൾ | 71 |



# 1 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

1057/2025 C - 05
24/04/2026

Prot.No: 1694/2026/S/ABP Date: 24/Apr/2026

## നഴ്സുമാരുടെ സമരം

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

സ്നേഹവും കരുണയും കരുതലും ഒന്നിക്കേണ്ട ഇടമാണ് ആതുരശുശ്രൂഷാരംഗം. അവിടെ ഭയന്നും വേദനിച്ചും എത്തുന്ന രോഗികളുടെ കാവൽമാലാഖമാരായി വർത്തിക്കുന്നവരാണ് നഴ്സുമാർ. തങ്ങളുടെ ഉത്തരവാദിത്തം സ്തുത്യർഹമായി നിറവേറ്റുന്ന ധാരാളം നഴ്സുമാർ ഉണ്ടെന്നുള്ളത് സമൂഹത്തിന് ഒരു അനുഗ്രഹമാണ്. ആദരവോടും നന്ദിയോടുംകൂടെ അവരെ ഓർക്കുന്നു. ദൗത്യബോധമുള്ള നഴ്സുമാരുടെ ക്ഷേമം ഉറപ്പുവരുത്തുക എന്നത് എല്ലാവരുടെയും കടമയാണെന്ന തിരിച്ചറിവും നമുക്കുണ്ട്. എന്നാൽ കഴിഞ്ഞ കുറച്ച് നാളുകളായി നഴ്സുമാരുടെ സമരങ്ങളെക്കുറിച്ചുള്ള വാർത്തകൾ നമ്മെ ആശങ്കപ്പെടുത്തുന്നവയാണ്. ചിലയിടങ്ങളിൽ സമരപരിപാടികൾ അവസാനിച്ചിട്ടുണ്ടെങ്കിലും തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി, അമല മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ നഴ്സുമാരുടെ സമരം തുടരുകയാണ്. നമ്മുടെ ആശുപത്രികളിലെ സേവനങ്ങൾ സമരംമൂലം തടസ്സപ്പെടുകയോ പരിമിതപ്പെടുകയോ ചെയ്യുമ്പോൾ അത് ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത് സാധാരണക്കാരായ രോഗികളെയാണ് എന്ന കാര്യം നാം പ്രത്യേകം ഓർക്കണം. സമരക്കാരും അവരെ പിന്തുണയ്ക്കുന്നവരും പ്രചരിപ്പിക്കുന്ന വസ്തുതാവിരുദ്ധമായ കാര്യങ്ങൾ സഭാമക്കളിൽപോലും ചിലപ്പോൾ തെറ്റിദ്ധാരണകൾ ഉണ്ടാക്കുന്ന സാഹചര്യത്തിലാണ് ഈ സംക്ഷിപ്ത വിശദീകരണം നൽകുന്നത്.

നാൽപത് ദിവസത്തിലധികമായി തുടരുന്ന നഴ്സുമാരുടെ സമരം

നീതികരിക്കാൻ കഴിയാത്തതാണ് എന്നതിനുള്ള വ്യക്തമായ പത്ത് കാരണങ്ങൾ താഴെപ്പറയുന്നവയാണ്:

1) രോഗികളുടെ ജീവൻ രക്ഷിക്കാൻ ഓരോ നിമിഷവും ജാഗ്രതയോടെ പ്രവർത്തിക്കേണ്ട ആരോഗ്യമേഖലയുടെ സുഗമമായ നടത്തിപ്പിനെ ഈ സമരം തടസ്സപ്പെടുത്തിയിരിക്കുന്നു.
2) വേണ്ടതായ നിയമപരമായ മുന്നറിയിപ്പുകൾ നൽകാതെയാണ് പലപ്പോഴും സമരപരിപാടികൾ ആരംഭിച്ചിട്ടുള്ളത്. നിയമ വ്യവസ്ഥകൾ പാലിക്കാത്തത് സ്ഥാപനങ്ങളെ തകർക്കുക എന്ന ലക്ഷ്യത്തോടെയാണ്.
3) അത്യാഹിതവിഭാഗം, തീവ്രപരിചരണവിഭാഗം, ശസ്ത്രക്രിയ വിഭാഗം എന്നിവിടങ്ങളിലെ സേവനങ്ങൾ തടസ്സപ്പെടുന്ന വിധത്തിൽ സമരത്തിൽ പങ്കെടുക്കാൻ പാടില്ലെന്ന കോടതി നിർദ്ദേശം അവഗണിക്കപ്പെട്ടു. മരണത്തോട് മല്ലിടുന്ന രോഗികളുടെ അരികിൽ നിന്ന് പോലും ശുശ്രൂഷകരെ പിൻവലിക്കുന്നത് മനഃസാക്ഷിയുള്ള ആർക്കും അംഗീകരിക്കാനാവില്ല.
4) പ്രാബല്യത്തിലുള്ള സർക്കാർ വേതന വ്യവസ്ഥകളിൽ നിഷ്ക്കർഷിച്ചിട്ടുള്ളതിൽ കൂടുതൽ വേതനം നഴ്സുമാർക്ക് നമ്മുടെ ആശുപത്രികളിൽ നല്കി വരുന്നുണ്ട് എന്നതാണ് യാഥാർത്ഥ്യം.
5) പുതിയ ശമ്പളം പരിഷ്കരണം സംബന്ധിച്ച് സർക്കാർ ഉത്തരവിറങ്ങുന്ന മുറയ്ക്ക് അത് നടപ്പിലാക്കാമെന്ന് ആശുപത്രി അധികൃതർ ഉറപ്പു നൽകിയതാണ്. എന്നിട്ടും സമരം ചെയ്യുന്നവർ സമരത്തിൽനിന്ന് പിന്മാറാൻ തയ്യാറാകുന്നില്ല.
6) ലഭിച്ചുകൊണ്ടിരിക്കുന്ന യഥാർത്ഥവേതനം എത്രയെന്ന് മറച്ചുവച്ച് വേതനം സംബന്ധിച്ച തെറ്റായവിവരങ്ങളാണ് സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നത്.
7) നമ്മുടെ ആശുപത്രികളിലെ ഭൂരിഭാഗം നഴ്സുമാരും ഈ സമരത്തെ അനുകൂലിക്കുന്നില്ല.
8) ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയും അമല മെഡിക്കൽ കോളേജ് ആശുപത്രിയും നൽകുന്നതിനേക്കാൾ കുറവ് വേതനം നൽകുന്ന ആശുപത്രികൾ തൃശൂരിൽ തന്നെയുണ്ട്. അവിടങ്ങളിൽ ജോലിചെയ്യുന്ന നഴ്സുമാരുടെ വേതനവർദ്ധനവിനായി സമരങ്ങൾ നടത്തപ്പെടാത്തതിന്റെ പുറകിൽ ഗൂഢലക്ഷ്യങ്ങൾ ഉണ്ടെന്ന് സംശയിക്കുന്നു.
9) സമരക്കാർ മുന്നോട്ടു വയ്ക്കുന്ന വേതനവ്യവസ്ഥകൾ അപ്പാടെ അംഗീകരിച്ചാൽ ആശുപത്രികളിലെ സേവനചാർജ്ജുകൾ

ഇനിയും വലിയ തോതിൽ ഉയരുന്ന സാഹചര്യമാണ് ഉണ്ടാവുക. ഭാരിച്ച ചികിത്സാചെലവ് പാവപ്പെട്ട രോഗികളെ കുറെക്കൂടി ദുരിതത്തിലാഴ്ത്തും.

10) സാമ്പത്തിക പ്രതിസന്ധികൾമൂലം ഇതിനോടകംതന്നെ പല ചെറുകിടആശുപത്രികളും അടച്ചുപൂട്ടാൻ നിർബന്ധിതമായി.

നഴ്സുമാരുടെ സമരങ്ങളുടെ പശ്ചാത്തലവും ദിശയും നാം ശാന്തമായി വിലയിരുത്തുമ്പോൾ നഴ്സുമാർക്ക് ഉയർന്ന വേതനം നേടിക്കൊടുക്കുക എന്നതിനപ്പുറത്ത് മറ്റ് നിഗൂഢലക്ഷ്യങ്ങൾ ചില തല്പര കക്ഷികൾക്കുള്ളതായാണ് മനസ്സിലാകുന്നത്. ആരോഗ്യപ രിപാലന മേഖല കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊടുത്ത് ചികിത്സാചെലവുകൾ കുത്തനെ വർദ്ധിപ്പിക്കാൻ ചിലർ നടത്തുന്ന തന്ത്രപരമായ നീക്കങ്ങളാണ് ഈ സമരം. ഇതിൽ ഏറ്റവും വേദ നാജനകമായ കാര്യം, സമരത്തിന്റെ യഥാർത്ഥ ഉദ്ദേശ്യങ്ങൾ സമരപന്തലിൽ ഇരുന്നുരുകുന്ന നഴ്സുമാർക്കുപോലും വേണ്ടവിധം ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ്. തങ്ങളുടെ മഹത്തായ ദൗത്യബോധം മറ്റാരുടെയങ്കിലും തന്ത്രങ്ങൾക്ക് ഉപകരണ മാകരുതെന്ന തിരിച്ചറിവ് ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തി ക്കുന്നവർക്ക് ഉണ്ടാകേണ്ടതാണ്.

സമരപരിപാടികൾ തുടരുന്ന സാചര്യത്തിലും സമരം തൃശൂർ അതിരൂപതയെ അവഹേളിക്കാനുള്ള അവസരമാക്കുന്നതിനാലും ഇക്കാര്യത്തെ കുറിച്ച് ഇടവകകളിൽ ബോധവൽക്കരണം നടത്താ നും പൊതുസമൂഹത്തോട് സംവദിക്കാനും നാം നിർബ ന്ധിതരായിരിക്കുകയാണ്. അതിരൂപതയിലെ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും നേതൃത്വയോഗം ശുപാർശ ചെയ്തത നുസരിച്ച് ഈ വരുന്ന ഏപ്രിൽ 29-ാം തിയ്യതി ബുധനാഴ്ച ഉച്ചതിരിഞ്ഞ് 4.30 ന് തൃശൂർ കിഴക്കേകോട്ടയിൽവച്ച് ഒരു വിശദീകരണയോഗം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തൃശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രസ്തുത വിശദീകരണയോഗത്തിലേക്ക് ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ബഹു. വികാരിയച്ചന്മാർ ഓരോ ഇടവകയിൽ നിന്നും പ്രതി നിധിയോഗം, കുടുംബകൂട്ടായ്മകൾ, ഭക്തസംഘടനകൾ, പാസ്റ്ററൽ കൗൺസിൽ എന്നിവയിൽ നിന്നുള്ള അംഗങ്ങൾ ഉൾപ്പെടുന്ന, ചുരുങ്ങിയത് 10 പേരെങ്കിലുമുള്ള ടീമുകളായി യോഗത്തിൽ സംബന്ധിക്കണം. പങ്കെടുക്കുന്നവർക്ക് ആവശ്യമായ വാഹന സൗകര്യങ്ങൾ ഇടവകയിൽ നിന്ന് ക്രമീകരിക്കേണ്ടതാണ്. ഇടവകകളിൽ വിവിധതലങ്ങളിലായി ബോധവൽക്കരണം

നൽകുന്നതിന് ആവശ്യമായ ശ്രദ്ധയും സഹകരണവും ബഹു. വികാരിയച്ചന്മാരുടെ ഭാഗത്തുനിന്നുണ്ടാകണം.

ആതുരശുശ്രൂഷാരംഗത്ത് അർപ്പണബോധത്തോടെ സേവനം ചെയ്യുന്ന നഴ്സുമാരുടെ ന്യായമായ ആവശ്യങ്ങൾ മനസ്സിലാക്കി അവരുടെ ക്ഷേമം ഉറപ്പാക്കാൻ നാമെന്നും പ്രതിബദ്ധതയോടെ പ്രയത്നിക്കണമെന്നതിൽ തർക്കമില്ല. അതോടൊപ്പം, ഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് മിതമായ നിരക്കിൽ ചികിത്സാസൗകര്യം ഒരുക്കുന്നതിനും നമുക്ക് കടമയുണ്ട്.

ആയതിനാൽ ഏപ്രിൽ 29-ാം തിയ്യതി തൃശൂർ കിഴക്കേകോട്ടയിൽ നടക്കുന്ന വിശദീകരണ യോഗത്തിലേക്ക് നിങ്ങളുടെ സാന്നിധ്യം പ്രതീക്ഷിക്കുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ. പരിശുദ്ധ അമലോത്ഭവമാതാവിന്റെ മാദ്ധ്യസ്ഥ്യ പ്രാർത്ഥനകൾ നമുക്ക് എന്നും തുണയായിരിക്കട്ടെ.

മിശിഹായിൽസ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത

---

N.B:

1. ഈ സർക്കുലർ 26/04/2026 ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ, ആശയങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

2. സൂചിത വിഷയങ്ങളിലേക്ക് പൊതുസമൂഹത്തിന്റെ ശ്രദ്ധക്ഷണിക്കാനായി തയ്യാറാക്കിയിട്ടുള്ള ബാനറുകൾ ഇടവകകളിൽ എത്തിച്ചിട്ടുണ്ട്. അവ ഉചിതമായ സ്ഥലത്ത് പ്രദർശിപ്പിക്കാനായി ബഹു. വികാരിയച്ചന്മാർ പ്രത്യേക താല്പര്യമെടുക്കണം.

## 2 സർക്കുലർ

### മാർ ആൻഡ്രൂസ് താഴത്ത്

1264/2026 / 15/05/2026 C - 06

## അജപാലന പദ്ധതി: 2026 – 2027

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

അജപാലന ശുശ്രൂഷകൾ കൂടുതൽ കാര്യക്ഷമവും ഫലദായകവുമാക്കാൻ സഹായകമായ വിധത്തിൽ വാർഷിക അജപാലന പദ്ധതി കഴിഞ്ഞ കുറച്ചു വർഷങ്ങളായി നാം പ്രസിദ്ധീകരിച്ചു വരുകയാണല്ലോ. പാസ്റ്ററൽ ആനിമേഷൻ & കോർഡിനേഷൻ ടീം തയ്യാറാക്കുന്ന, അതിരൂപതയിലാകമാനം ചെയ്യേണ്ട പൊതുവായ അജപാലന പ്രവർത്തനങ്ങളുടെ സമയബന്ധിത രൂപരേഖ വളരെപ്പേർ പ്രയോജനപ്പെടുത്തുന്നു എന്നറിയുന്നതിൽ വളരെ സന്തോഷമുണ്ട്. ആവശ്യമായ ചർച്ചകൾക്കും പരിചിന്തനങ്ങൾക്കും ശേഷം തയ്യാറാക്കിയ തൃശൂർ അതിരൂപതയുടെ 2026–2027 വർഷത്തെ അജപാലന പദ്ധതി ഇപ്പോൾ പ്രസിദ്ധീകരിക്കുകയാണ്.

സീറോ മലബാർസഭയിൽ സമുദായ ശക്തീകരണവർഷവും ആഗോളസഭയിൽ വിശുദ്ധ ഫ്രാൻസിസ് അസ്സീസി വർഷവും ആചരിക്കപ്പെടുന്ന പശ്ചാത്തലം കണക്കിലെടുത്താണ് ഈ വർഷത്തെ അജപാലന പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി തൃശൂർ അതിരൂപതയിൽ പ്രവർത്തിക്കുന്ന ഭക്ത സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും വാർഷിക പരിപാടികളും ഈ വർഷത്തെ അജപാലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമഗ്രമായ കാഴ്ചപ്പാടോടെ ഓരോ ഇടവകയിലും വാർഷിക അജപാലന പദ്ധതി വിഭാവനം ചെയ്യാൻ ഇത് സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2026 – 2027 വർഷത്തെ തൃശൂർ അതിരൂപതയുടെ പൊതു അജപാലന പദ്ധതി തയ്യാറാക്കിയ പാസ്റ്ററൽ ആനിമേഷൻ & കോർഡിനേഷൻ ടീമിനോട് അതിരൂപത കുടുംബത്തിന് ഏറെ കൃതജ്ഞതയുണ്ട്. സഭാ ജീവിതത്തിന്റെ വിവിധ തലങ്ങളിൽ നിർവ്വഹിക്കപ്പെടേണ്ട പ്രവർത്തനങ്ങളുടെ സൂചികയായ ഈ വാർഷിക പദ്ധതി സർവ്വാത്മന

സ്വീകരിച്ച് നടപ്പിലാക്കാൻ ഏവരോടും ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

പന്തക്കുസ്താ തിരുനാളിന്റെ അനുഗ്രഹങ്ങളാൽ നാം പൂരിതരാകട്ടെ. പരിശുദ്ധ അമലോത്ഭവ മാതാവിന്റെ മാദ്ധ്യസ്ഥ്യ പ്രാർത്ഥനകൾ നമ്മുടെ അതിരൂപതയ്ക്ക് എന്നും തുണയായിരിക്കട്ടെ.

മിശിഹായിൽസ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ്താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

ധനികനായ യുവാവ്
**എന്റെ നാമത്തെപ്രതി**
**ഭവനത്തെയോ**
**സഹോദരൻമാരെയോ**
**സഹോദരികളെയോ**
**പിതാവിനെയോ മാതാവിനെയോ**
**മക്കളെയോ വയലുകളെയോ**
**പരിത്യജിക്കുന്ന ഏതൊരുവനും**
**നൂറിരട്ടി ലഭിക്കും;**
**അവൻ നിത്യജീവൻ**
**അവകാശമാക്കുകയും**
**ചെയ്യും**
**(മത്താ. 19, 29)**

# കച്ചേരി വാർത്തകൾ

**1. ഓർമ്മിക്കേണ്ട ദിവസങ്ങൾ**
**ജൂൺ 2026**

ജൂൺ 1 : വി. ജസ്റ്റിൻ
4 : പരിശുദ്ധ കുർബാനയുടെ തിരുനാൾ
5 : ആദ്യവെള്ളി
7 : ശ്ലീഹാ മൂന്നാം ഞായർ
8 : വി. മറിയം ത്രേസ്യ
9 : മാർ അപ്രേം
11 : വിശുദ്ധ ബർണ്ണബാസ്
12 : ഈശോയുടെ തിരുഹൃദയതിരുനാൾ
13 : പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയതിരുനാൾ
: പാദുവായിലെ വിശുദ്ധ അന്തോണീസ്
14 : ശ്ലീഹാ നാലാം ഞായർ
21 : ശ്ലീഹാ അഞ്ചാം ഞായർ
22 : വിശുദ്ധ ജോൺ ഫിഷർ, വിശുദ്ധ തോമസ് മൂർ
24 : വിശുദ്ധ യോഹന്നാൻ മാംദാനയുടെ ജനനം
27 : വിശുദ്ധ ഇരണേവൂസ്
28 : ശ്ലീഹാ ആറാം ഞായർ
29 : വിശുദ്ധ പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ (കടമുള്ള ദിവസം)

**2. ജൂൺ മാസത്തെ പരിപാടികൾ**

ജൂൺ 05 : ഫിനാൻസ് കൗൺസിൽ (07:00 pm)
11 : ആലോചനസമിതിയോഗം (10:30 am)
വൈദികസമിതിയോഗം (03:00 pm)
13 : മാർ ടോണി നീലങ്കാവിൽ പിതാവിന്റെ നാമഹേതുക തിരുനാൾ
: പാസ്റ്ററൽ കൗൺസിൽ (10:00 am)
30 : വൈദിക ഏകദിനസമ്മേളനം

**3. നാമഹേതുക തിരുനാൾ:**

ജൂൺ 13ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന മാർ ടോണി നീലങ്കാവിൽ പിതാവിന് അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ. അന്നേദിവസം വി. കുർബാനയിൽ അഭിവന്ദ്യപിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.

**4. ദൈവദാസൻ ബഹു. ആന്റണി തച്ചുപറമ്പിൽ - ശ്രാദ്ധം :**

ദൈവദാസനായ ബഹു. ആന്റണി തച്ചുപറമ്പിലച്ചന്റെ 63-ാം ശ്രാദ്ധാചരണം 2026 ജൂൺ 9 ന് ചേലക്കര സെ. മേരീസ് ഫൊറോനപള്ളിയിൽവെച്ച് നടത്തപ്പെടുന്നു.

**6. വൈദികവസ്ത്ര സ്വീകരണം**

പരിശീലനം പൂർത്തിയാക്കിയ അതിരൂപതാംഗങ്ങളായ വൈദിക വിദ്യാർത്ഥികൾ മെയ് 9ന് ഉച്ചകഴിഞ്ഞ് 2:00 മണിക്ക് പറപ്പൂർ ജോൺ നെപുംസ്യാൻ ഫൊറോന പള്ളിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിച്ചു. പൗരോഹിത്യ പരിശീലനത്തിൽ ഒരുപടി മുന്നോട്ട് കടക്കുന്ന അവർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ.

1. കണ്ണനായ്ക്കൽ അമൽ - പറപ്പൂർ
2. ചാലക്കൽ അനൽ - മങ്ങാട്
3. ചൂണ്ടൽ ക്രിസ്റ്റോ - ഒളരിക്കര
4. താഴേക്കാടൻ എമ്മാനുവേൽ - മരത്താക്കര
5. ആട്ടോക്കാരൻ ജാസൻ - പൊങ്ങണംകാട്
6. പുത്തൂർ ജീസ്മോൻ - മച്ചാട്
7. ചൊവ്വല്ലൂർ റോജൻ - എളവള്ളി
8. കൈതക്കോട്ട് റോബിൻ - എരുമപ്പെട്ടി
9. മണലിൽ റോഷൻ - പാറേമ്പാടം
10. കുണ്ടുകുളം ഷെറിൻ - പോന്നോർ

**8. അതിരൂപതാദിനം:**

ഈ വർഷത്തെ അതിരൂപതാദിനം മെയ് 20ന് വടക്കാഞ്ചേരി ഫൊറോനയിൽ വച്ച് നടത്തപ്പെട്ടു. വടക്കാഞ്ചേരി ഫൊറോന വികാരി. പെ. ബഹു. വർഗ്ഗീസ് തരകനച്ചനോട് ചേർന്ന് നേതൃത്വം നൽകിയ ബഹു. വൈദികർക്കും കമ്മിറ്റി അംഗങ്ങൾക്കും സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

**6. വാർഷിക തെരട്ട് :**

പള്ളികളുടെയും സ്ഥാപനങ്ങളുടെയും വാർഷികതെരട്ട് സമർപ്പിക്കൽ 2026 ആഗസ്റ്റ് 3-ാം തീയതി മുതൽ ആരംഭിക്കുകയാണ്. ഫൊറോന അടിസ്ഥാനത്തിലാണ് പള്ളികളുടെ തെരട്ട്

കൊണ്ടുവരാനുള്ള സമയം ക്രമീകരിച്ചിട്ടുള്ളത്. തെരട്ട് കൊണ്ടുവരേണ്ട ദിവസവും സമയക്രമവും സാമ്പത്തിക കാര്യാലയം പേജിൽ കൊടുത്തിട്ടുണ്ട്. അതിൻപ്രകാരം കൃത്യസമയത്തുതന്നെ തെരട്ടുമായി എത്താൻ ശ്രദ്ധിക്കുമല്ലോ.

തെരട്ട് ഫോമുകൾ ഫൊറോന കാര്യാലയങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഇടവകകൾ തങ്ങളുടെ ഫൊറോനകളിൽ നിന്നും അവ വാങ്ങി കൊണ്ടുപോകേണ്ടതാണ്.

**തെരട്ട് കൊണ്ടുവരുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.**

1. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെയാണ് തെരട്ട് സ്വീകരിക്കുന്നത്; ശനിയാഴ്ചകളിൽ തെരട്ട് സ്വീകരിക്കുന്നതല്ല. പള്ളികളിൽ നിന്നുള്ള തെരട്ട് കൊണ്ട് വരുമ്പോൾ ചെക്കുകൾ 6 എണ്ണമെങ്കിലും കൊണ്ടുവരുവാൻ നിർദ്ദേശിക്കുന്നു. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിലും സമയത്തും വരുന്നുണ്ടെങ്കിലോ, വരാൻ സാധിക്കുന്നില്ലെങ്കിലോ തലേദിവസം അറിയിക്കുന്നത് നല്ലതാണ്. തെരട്ടുകൊണ്ടുവരുമ്പോൾ ബഹു. വികാരിയച്ചനും, നടത്തുകൈക്കാരനും, കണക്കെഴുത്തുക്കാരനും ചുരുങ്ങിയത് ഉണ്ടാകണം. എല്ലാ കൈക്കാരന്മാരും വരുന്നത് അഭികാമ്യമാണ്.
2. നാൾവഴി, പേരേട്, തെരട്ടു പുസ്തകം, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട്(രണ്ടു കോപ്പി), സി. എ. ഓഡിറ്റ് റിപ്പോർട്ട് (രണ്ടു കോപ്പി), തെരട്ടുഫോം (രണ്ടു കോപ്പി), ഫൊറോന വികാരിയുടെ സന്ദർശന റിപ്പോർട്ട്(രണ്ടു കോപ്പി), വാർഷിക റിപ്പോർട്ട്(രണ്ടു കോപ്പി), വാർഷികബജറ്റ്(രണ്ടു കോപ്പി), സംഘടനകളുടെയും സ്ഥാപനങ്ങളുടെയും റിപ്പോർട്ട്(രണ്ടു കോപ്പി), പ്രധാന തിരുനാളുകളുടെ വരവുചെലവു കണക്ക് (രണ്ടു കോപ്പി), ലഘു നിക്ഷേപ പദ്ധതികണക്ക് (രണ്ടു കോപ്പി), മരാമത്ത് കണക്ക്-ഉദാ: പള്ളിപണി, കപ്പേളപണി, ഹാൾ നിർമ്മാണം തുടങ്ങിയവ-(രണ്ടുകോപ്പി), സ്കൂളുകളുണ്ടെങ്കിൽ അവയുടെ വാർഷിക റിപ്പോർട്ട് (മൂന്നു കോപ്പി) എന്നിവ കൊണ്ടുവരണം. എല്ലാ കണക്കുകളും ഇന്റേണൽ ഓഡിറ്റിനും ഒരു ലക്ഷത്തിൽ കവിഞ്ഞ സംഖ്യയുള്ള കണക്കുകൾ സി.എ. ഓഡിറ്റിനും വിധേയമാക്കേണ്ടതാണ്.
3. തെരട്ടു സമർപ്പിക്കാൻ വരുമ്പോൾ ആദ്യം സാമ്പത്തിക കാര്യാലയത്തിൽ കണക്കുകൾ പരിശോധനക്ക് വിധേയമാക്കണം. തെരട്ടുസംഖ്യയും മറ്റ് പിരിവുകളും കത്തോലിക്കാസഭപത്ര വരിസംഖ്യയും സാമ്പത്തിക കാര്യാലയത്തിൽ

അടക്കേണ്ടതുമാണ്. തെരട്ടുഫീസ് 5%, വേദോപദേശം 1%, ഫൊറോനവിഹിതം 1/2%, മേജർ സെമിനാരി വിഹിതം 1%, ഞായറാഴ്ച പിരിവ്, പ്രത്യേക പിരിവുകൾ, സെമിനാരി വിഹിതം, വൈദികക്ഷേമനിധി (ഒരു മാസത്തെ അലവൻസ്), അതിരൂപ താബുള്ളറ്റിൻ, സിനഡൽ ന്യൂസ് എന്നിവയുടെ വാർഷിക വരിസംഖ്യ തുടങ്ങിയവ അടക്കേണ്ടതുണ്ട്. തെരട്ട്സംഖ്യക്ക് ഒഴിവ് ചോദിക്കരുതെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. പ്രസ്തുത സംഖ്യ മുഴുവനായി അടക്കാൻ ഒരുങ്ങി വരുമല്ലോ.

4. തുടർന്ന് തെരട്ട് പാസാക്കുന്നതിനായി രേഖകളെല്ലാം കച്ചേരിയിൽ ഹാജരാക്കണം. അതിനോടൊപ്പം പുതിയ കൈക്കാരന്മാരെ നിയമിക്കുന്നതിനുള്ള പാനലും (ഒന്നുക്ക് ഇരട്ടിവീതം) കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.
5. ഇടവകകളുടെ സ്ഥിതി വിവര കണക്കുകൾ കൃത്യമായെടുത്തതിനുശേഷം മാത്രം വാർഷിക റിപ്പോർട്ട് പൂരിപ്പിക്കാൻ ശ്രദ്ധിക്കണം. ഉദാ. ആകെ വിശ്വാസികൾ, കുടുംബങ്ങൾ, പുരുഷന്മാർ, മാമ്മോദീസ, സ്ഥൈര്യലേപനം. വാർഷികറിപ്പോർട്ട് പൂർണ്ണമായി പൂരിപ്പിച്ച് തെരട്ടിനൊപ്പം ഹാജരാക്കണം.
6. ഇടവകയുടെ ആദായനികുതി നിയമപ്രകാരം ചാരിറ്റബിൾ രജിസ്ട്രേഷൻ (12AB) 2025-26ൽ പുതുക്കിയ Order for Registrationന്റെയും പാൻകാർഡിന്റെയും ഓരോ കോപ്പികൾ സാമ്പത്തിക കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

**7. പാസ്റ്ററൽ കൗൺസിൽ :**

പാസ്റ്ററൽ കൗൺസിലിന്റെ സാധാരണയോഗം 2026 ജൂൺ 13 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചക്ക് 1.30 വരെ നടത്തപ്പെടുന്നു. അംഗങ്ങളെല്ലാം പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

**9. വൈദികരുടെ വാർഷികധ്യാനം :**

ജൂലൈ 5–10 : ഒന്നാം ബാച്ച്

(അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രം)

സെപ്തംബർ 13–18 : രണ്ടാം ബാച്ച് (ജറുസലെം ധ്യാനകേന്ദ്രം)

സെപ്തംബർ 27– ഒക്ടോബർ 2 : മൂന്നാം ബാച്ച് (മേരിമാത സെമിനാരി)

**10. വൈദികനിയമനം:**

1. ഫാ. കനേഡിയൻ തണ്ടാശ്ശേരി – മേരിമാത മേജർ സെമിനാരിയിൽ അധ്യാപനം; ഡിഫന്റർ ഓഫ് ബോണ്ട് മെത്രാപ്പോലീത്തൻ കോടതി; സാധുത 2026 ഏപ്രിൽ 1 മുതൽ.

2. ഫാ. ഫ്രാൻസോ തെക്കത്ത് – അസി. ഡയറക്ടർ ഡി. ബി. സി. എൽ. സി.; വിശ്വാസപരിശീലനം & ദൈവശാസ്ത്രവിദ്യാപീഠം എന്നിവയുടെ പ്രത്യേക ചാർജ്ജ്, കല്ലോൻ സ്നേഹഭവൻ സി. എസ്. എം. മഠം; സാധുത 2026 മാർച്ച് 18 മുതൽ.

3. ഫാ. ഡൊമിനിക് തലക്കോടൻ – ദിവ്യബലിയർപ്പണം സെന്റ് സേവിയേഴ്സ് സി. എം. സി. മഠം (ആഴ്ചയിൽ 2 ദിവസം) കൂടി; കല്ലോൻ സ്നേഹഭവൻ സി. എസ്. എം. മഠം ഒഴിവായി; സാധുത 2026 മാർച്ച് 18 മുതൽ.

4. ഫാ. മൈക്കിൾ ടോമി തോട്ടുവായ്ക്കുളം CSJBP– സഹവികാരി പുത്തൂർ; സാധുത 2026 ഏപ്രിൽ 1 മുതൽ.

5. ഫാ. സിന്റോ പൊന്തേക്കൻ – കല്ലോൻ സി. എസ്. സി. ജനറലേറ്റ് ഒഴിവായി; സാധുത 2026 ഏപ്രിൽ 1 മുതൽ.

6. ഫാ. ക്രിസ്റ്റോ തേക്കാനത്ത് – കല്ലോൻ സി. എസ്. സി. ജനറലേറ്റ് കൂടി; പുത്തൂർ ഇടവകയിലെ ഉത്തരവാദിത്വങ്ങൾ ഒഴിവായി; സാധുത 2026 ഏപ്രിൽ 1 മുതൽ.

7. ഫാ. ജിബിൻ താഴേക്കാടൻ – എക്സിക്യൂട്ടീവ് ഡയറക്ടർ, പ്രോഗ്രാം ഡയറക്ടർ & ട്രഷറർ, സെക്രട്ടറി പറോക്, സ്പിരിച്ചൽ ഫാദർ മേരിമാത മേജർ സെമിനാരി എന്നിവ കൂടി; സാധുത 2026 ഏപ്രിൽ 30 മുതൽ.

8. ഫാ. നവീൻ മുരിങ്ങാത്തേരി – ചികിത്സാവധി; സാധുത 2026 ഏപ്രിൽ 16 മുതൽ.

9. ഫാ. ജിബിൻ താഴേക്കാടൻ – വികാരി-ഇൻ–ചാർജ്ജ് കൊഴുക്കുള്ളി; സാധുത 2026 ഏപ്രിൽ 16 മുതൽ.

10. ഫാ. സൈജോ തൈക്കാട്ടിൽ – എക്സിക്യൂട്ടീവ് ഡയറക്ടർ, പ്രോഗ്രാം ഡയറക്ടർ & ട്രഷറർ, സെക്രട്ടറി പറോക് ഒഴിവായി; സാധുത 2026 ഏപ്രിൽ 30 മുതൽ.

11. ഫാ. ജോസ് അറങ്ങാശ്ശേരി – ചികിത്സാവധി; സാധുത 2026 ഏപ്രിൽ 16 മുതൽ.

12. ഫാ. ഡെന്നി താണിക്കൽ – വികാരി–ഇൻ–ചാർജ്ജ് വെങ്ങിണിശ്ശേരി & കല്ലോൻ എഫ്. സി. സി. മഠങ്ങൾ; സാധുത 2026 ഏപ്രിൽ 16 മുതൽ.

13. ഫാ. ആന്റണി അമ്മുത്തൻ – ചികിത്സാവധി; സാധുത 2026 ഏപ്രിൽ 16 മുതൽ.

14. ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ – വികാരി – ഇൻ–ചാർജ്ജ്

ചോറ്റുപാറ; സാധുത 2026 ഏപ്രിൽ 16 മുതൽ.

15. ഫാ. നിതിൻ ആലക്കാത്തടത്തിൽ – റസിഡന്റ് ഫോർമേറ്റർ മേരിമാത മേജർ സെമിനാരി; സാധുത 2026 ഏപ്രിൽ 24 മുതൽ.
16. ഫാ. അലക്സ് മരോട്ടിക്കൽ – കോർഡിനേറ്റർ ട്രെയിനിംഗ് സെന്റർ പറോക് കൂടി; സാധുത 2026 ഏപ്രിൽ 24 മുതൽ.
17. ഡീ. ബിബിൻ തേക്കാനത്ത് CMI – ഡീക്കൻ മിനിസ്ട്രി വിയ്യൂർ; സാധുത 2026 മെയ് 1 മുതൽ സെപ്തംബർ 30 വരെ.
18. ഡീ. അൽജോ ആലപ്പാട്ട് – ഡീക്കൻ മിനിസ്ട്രി തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
19. ഡീ. പ്രിൻസ് അരുകാക്കൽ – ഡീക്കൻ മിനിസ്ട്രി ഏനമ്മാവ്; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
20. ഡീ. ബിബിറ്റോ അതിരക്കുളങ്ങര – ഡീക്കൻ മിനിസ്ട്രി മരത്താക്കര; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
21. ഡീ. ക്രിസ്റ്റീൻ ചീരമ്പൻ – ഡീക്കൻ മിനിസ്ട്രി കുരിയച്ചിറ; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
22. ഡീ. അഖിൽ ചൊറിയാംതടത്തിൽ – ഡീക്കൻ മിനിസ്ട്രി ഒളരിക്കര; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
23. ഡീ. ക്രിസ്റ്റി എടക്കൂടൻ – ഡീക്കൻ മിനിസ്ട്രി കൂനമ്മൂച്ചി; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
24. ഡീ. അമൽ എടക്കുടി SDV – ഡീക്കൻ മിനിസ്ട്രി പൊങ്ങണംകാട്; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
25. ഡീ. ആശിഷ് കൊമ്പൻ – ഡീക്കൻ മിനിസ്ട്രി പുതുക്കാട്; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
26. ഡീ. സ്നോബിൻ പുലിക്കോട്ടിൽ – ഡീക്കൻ മിനിസ്ട്രി ചെങ്ങാലൂർ; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
27. ഡീ. സിറിൽ വട്ടക്കാട്ടുശ്ശേരി – ഡീക്കൻ മിനിസ്ട്രി ഒല്ലൂർ; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
28. ഡീ. നിതിൻ വെള്ളറ – ഡീക്കൻ മിനിസ്ട്രി ചിയ്യാരം വിജയമാത; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
29. ഡീ. ആൽബിൻ വെള്ളിയാംകുടത്തിൽ – ഡീക്കൻ മിനിസ്ട്രി ചെവ്വൂർ; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
30. ഡീ. ഷിബിൻ ചക്കാലക്കൽ MSJ – ഡീക്കൻ മിനിസ്ട്രി തൃശ്ശൂർ

ലൂർദ്ദ് കത്തീഡ്രൽ; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

31. ഡീ. പ്രിൻസ് കിളിയാമ്പ്രയിൽ MSJ – ഡീക്കൻ മിനിസ്ട്രി ആറ്റുപുറം; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
32. ഡീ. ജൂനോ മേളാട്ടുകുന്നേൽ MSJ – ഡീക്കൻ മിനിസ്ട്രി അരണാട്ടുകര; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
33. ഡീ. തോമസ് പാലാപുളിക്കൽ MST – ഡീക്കൻ മിനിസ്ട്രി എരുമപ്പെട്ടി; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
34. ഡീ. അമൽ പുതൂക്കര MST – ഡീക്കൻ മിനിസ്ട്രി ചിറ്റിശ്ശേരി; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
35. ഡീ. അനിൽ തണ്ടിയേക്കൽ – ഡീക്കൻ മിനിസ്ട്രി അരിമ്പൂർ; സാധുത 2026 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.
36. ഡീ. മെൽവിൻ വടക്കൻ CMI – ഡീക്കൻ മിനിസ്ട്രി കുണ്ടന്നൂർ; സാധുത 2026 ഏപ്രിൽ 15 മുതൽ ഒക്ടോബർ 1 വരെ.
37. ഡീ. അമൽ ഇഞ്ചനാനിയിൽ CMI – ഡീക്കൻ മിനിസ്ട്രി വരാക്കര; സാധുത 2026 ഏപ്രിൽ 15 മുതൽ ഒക്ടോബർ 1 വരെ.
38. ഡീ. ജോബി വടയാട്ടുകുഴി CMI – ഡീക്കൻ മിനിസ്ട്രി പാവറട്ടി; സാധുത 2026 ഏപ്രിൽ 15 മുതൽ ഒക്ടോബർ 1 വരെ.
39. ഡീ. അർജ്ജുൻ തെക്കേക്കൂറ്റ് CMI – ഡീക്കൻ മിനിസ്ട്രി കൊട്ടേക്കാട്; സാധുത 2026 ഏപ്രിൽ 15 മുതൽ ഒക്ടോബർ 1 വരെ.
40. ഡീ. ഫ്രെഡി നെല്ലങ്കര CMI – ഡീക്കൻ മിനിസ്ട്രി ബ്രഹ്മകുളം; സാധുത 2026 മെയ് 1 മുതൽ സെപ്തംബർ 30 വരെ.
41. ഡീ. മെബിൻ കീറ്റിക്കൽ CMI – ഡീക്കൻ മിനിസ്ട്രി മറ്റം; സാധുത 2026 മെയ് 1 മുതൽ സെപ്തംബർ 30 വരെ.

**മാർ ടോണി നീലങ്കാവിൽ**

അതിരൂപത സഹായമെത്രാൻ & പ്രോട്ടോ സിഞ്ചെല്ലൂസ്

## ENGAGEMENTS

**JUNE 2026**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 2 | Tue | | KCBC Meeting |
| 3 | Wed | | KCBC Meeting |
| 4 | Thu | | KCBC Meeting |
| 5 | Fri | Morning | Finance Council Meeting |
| 6 | Sat | Morning | Holy Mass and Academic Year Inauguration @ Gurukulam |
| 21 | Sun | Morning | Holy Mass @North Pudukad on Diamond Jubilee Celebration |
| | | Afternoon | Theology Institute Academic Year Inauguration & Award Day @DBCLC |
| 22 | Mon | Morning | Holy Mass @ Assisi Convent on Jubilee Celebration |
| 25 | Thu | Whole Day | Advisory Board Meeting @ JMMH |
| 28 | Sun | Morning | Holy Mass and Blessing @ Sevanalayam, Chiyyaram |
| 30 | Tue | Whole Day | Priests’ Conference @ DBCLC |

# ENGAGEMENTS

## JUNE 2026

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 1 | Mon | Morning | Baptism of 4th child @ Chevoor church |
| 2-4 | Tue | All day | KCBC meeting |
| 5 | Fri | Evening | Finance Council |
| 6 | Sat | Morning | Baptism of 4th child @ Pathramangalam |
| | | Evening | Navanal Mass @ Kuzhikattussery |
| 7 | Sun | Afternoon | Holy Mass @ Kottekad |
| 8 | Mon | Morning | STC staff interview @St. Thomas College. |
| 9 | Tue | Afternoon | Holy Mass @ Thrissur Latin Church |
| 10 | Wed | Evening | MI Hospital Trust meeting |
| 11 | Thu | Morning | Holy Mass @ SMMS<br>Consulters' Meeting |
| | | Afternoon | Presbyteral Council |
| 12 | Fri | Morning | Holy Mass @ MMMS |
| 13 | Sat | Morning | Pastoral Council @ Family Apostolate |
| | | Evening | Holy Mass and Kappela blessing @ Chirakkal |
| 15 | Mon | Morning | Forane Montly Recollection @ Pazhuvil |
| | | Afternoon | Ongoing formation @ Kakkanad |
| 16 | Tue | Morning | Ongoing formation @ Kakkanad |
| | | Afternoon | STC Trust Meeting @ St. Thomas College |
| | | Evening | JMMC Trust Meeting |
| 17 | Wed | All day | STC staff interview |
| 18 | Thu | All day | STC staff interview |
| 21 | Sun | Afternoon | Academic year inauguration & Award Day |

| | | | |
|---|---|---|---|
| 22 | Mon | Morning | Holy Mass and meeting @ Gurukulam |
| 23-24 | Tue | Morning | Ongoing formation @ Kakkanad |
| 25 | Thu | All day | JMH Advisory Council Meeting |
| 26 | Fri | Morning | Holy Mass for Pre-Cana Course |
| 27 | Sat | Evening | Baptism of 4th child @ Basilica |
| 30 | Tue | Morning | Presbyterium Meeting @ DBCLC |

"സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു,
നിങ്ങൾ മാനസാന്തരപ്പെട്ട്
ശിശുക്കളെപ്പോലെ
ആകുന്നില്ലെങ്കിൽ,
സ്വർഗരാജ്യത്തിൽ
പ്രവേശിക്കുകയില്ല
(മത്തായി 18 : 3 )"



# നാളാഗമം

## ഏപ്രിൽ 2026

1 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ വിശുദ്ധബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും തുടർന്ന് ഡീക്കൻ മിനിസ്ട്രിക്കായി പോകുന്ന ഡീക്കന്മാർക്കു നിയമനവും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു. ഉച്ചക്കുശേഷം തൃശൂർ വ്യാകുല മാതാവിൻ ബസിലിക്കയിൽ കുമ്പസാരിപ്പിച്ചു. ശേഷം മുളയം നിർമലാ ദാസി ജനറലേറ്റിൽ വച്ച് മരണമടഞ്ഞ സിസ്റ്റർ മേരി മംഗലത്തിന്റെ മൃതസംസ്ക്കാര കർമങ്ങൾക്ക് കാർമികത്വം വഹിച്ചു. വൈകിട്ട് തൃശൂർ റീജിയണൽ തിയേറ്ററിൽ വച്ച് വൈ എം സി എ യുടെ നേതൃത്വത്തിൽ നടത്തിയ അന്ത്യത്താഴത്തെ ആസ്പദമാക്കിയുള്ള കഥകളി ഉദ്ഘാടനം ചെയ്തു. രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തൃശ്ശൂർ അതിരൂപതയ്ക്ക് വേണ്ടി പഠിക്കുന്ന ആദ്യവർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളുമായി സംവദിച്ചു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഷെക്കെയ്ന ടിവിക്ക് വേണ്ടി ഈസ്റ്റർ സന്ദേശം നൽകുകയും വൈകിട്ട്

മുണ്ടൂർ ഇടവകയിൽ ധ്യാന സമാപനത്തോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയുംചെയ്തു.

2 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ തൃശൂർ ലൂർദ് കത്തീഡ്രൽ പള്ളിയിൽ വച്ച് പെസഹാ വ്യാഴ തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. രാവിലെ അത്താണി ഗ്രേസ് ഹോമിൽ കാൽകഴുകൽ ശുശ്രൂഷക്ക് മുഖ്യ കാർമികത്വം വഹിക്കുകയും അവരോടൊപ്പം പെസഹാ അപ്പം മുറിക്കുകയും ചെയ്തു. ഉച്ചക്ക് ശേഷം വിയ്യൂർ ജയിലിലെ തടവറ മക്കളുടെ കാൽകഴുകി പെസഹാ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും ദുഃഖ വെള്ളിയുടെ സന്ദേശംനൽകുകയും ചെയ്തു. രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ബസിലിക്കയിൽ പെസഹാവ്യാഴത്തോടനുബന്ധിച്ചുള്ള തിരുകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

3 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ തൃശൂർ ഡോളേഴ്സ് ബസിലിക്കയിൽ ദുഃഖ വെള്ളിയുടെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. ഉച്ചക്ക് ശേഷം തൃശൂർ റൗണ്ടിൽ വച്ച് നടത്തിയ പരിഹാരപ്രദക്ഷിണത്തിനു നേതൃത്വം നൽകുകയും സമാപന ആശീർവാദം നൽകുകയും ചെയ്തു. രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ലൂർദ് കത്തീഡ്രൽ പള്ളിയിൽ ദുഃഖവെള്ളിയാഴ്ചയുടെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് പെരിങ്ങണ്ടൂരിലെ പീസ്ഹോം സന്ദർശിക്കുകയും വൈകിട്ട് മണ്ണുത്തിയിലെ ഡോൺ ബോസ്കോ കോളേജിൽ മണ്ണുത്തി, മുക്കാട്ടുകര, മുല്ലക്കര ഇടവകകളുടെ സംയുക്ത പരിഹാരപ്രദക്ഷിണത്തിന് ശേഷം സന്ദേശം നൽകുകയും ചെയ്തു.

4 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ പഴുവിൽ ഫൊറോനാ പള്ളിയിൽ വച്ച് വലിയ ശനിയുടെ തിരുകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു. രാവിലെ ചേറൂർ വിയാനി ഭവൻ,സെന്റ് ജോസഫ് പ്രിസ്റ്റസ് ഹോം സന്ദർശിക്കുകയും വൈദീകർക്ക് ഈസ്റ്റർ ആശംസകളും പ്രാർത്ഥനകളും നേരുകയും ചെയ്തു. ഉച്ചക്ക് ശേഷം ഒല്ലൂർ ഫാത്തിമ കോൺവെന്റിൽ വച്ച് മരണമടഞ്ഞ സിസ്റ്റർ സുസോയുടെ മൃതസംസ്ക്കാരകർമങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും ചെയ്തു. രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഏനാമാവ് ഇടവക പള്ളിയിൽ ദുഃഖശനിയുടെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

5 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് തൃശൂർ ലൂർദ് കത്തീഡ്രൽ പള്ളിയിൽ വച്ച് ഉയിർപ്പിന്റെ തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ബസിലിക്ക പള്ളിയിൽ ഈസ്റ്റർ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. രാവിലെ വിയ്യൂർ സെൻട്രൽ ജയിലിൽ തടവുകാരെ കാണുകയും അവർക്ക്‌വേണ്ടി വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

6 രാവിലെ അഭിവന്ദ്യപിതാക്കന്മാർ മരണമടഞ്ഞ കർമലീത്താ സഭാംഗമായ ബഹുമാനപ്പെട്ട ജസ്റ്റിൻ പനക്കൽ അച്ചന്റെ നിര്യാണത്തിൽ അനുശോചിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് എഫ്. സി. സി. പ്രൊവിൻഷ്യൽ ഹൗസിൽ പ്ലീനറിയുടെ ഭാഗമായി വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

7 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ദൈവവിളി ക്യാമ്പിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളോടൊപ്പം വിശുദ്ധ ബലിയർപ്പിക്കുകയും അവരോട് സംവദിക്കുകയും ചെയ്തു. വൈകിട്ട് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഡി.ബി. സി.എൽ.സിയിൽ പ്രതിഭ പരിശീലന സമ്മേളനം ഉദ്ഘാടനം ചെയ്തു.

8 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്കുശേഷം കുറുമാൽ ഇടവകദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിക്കുകയും നവീകരിച്ച വിശുദ്ധ ഗീവർഗീസിന്റെ ഗ്രോട്ടോ ആശീർവദിക്കുകയും ചെയ്തു. വൈകീട്ട് പബ്ലിക് അഫയേഴ്സിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആമ്പല്ലൂരിൽ വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി വിശുദ്ധ ബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

9 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ദൈവവിളി ക്യാമ്പിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളോടൊപ്പം വിശുദ്ധ ബലിയർപ്പിക്കുകയും അവരോട് സംവദിക്കുകയും ചെയ്തു. ഉച്ചക്ക് കാറ്റക്കിസം വെബ്സൈറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഉച്ചക്കുശേഷം പൊന്നൂക്കര മർത്ത കോൺവെന്റിൽ വച്ച് മരണമടഞ്ഞ സിസ്റ്റർ ഔറേലിയയുടെ മൃതസംസ്ക്കാര കർമങ്ങൾക്കു കാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അന്തരിച്ച ബഹു. ഫ്രാൻസിസ് ആലപ്പാട്ട് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭാഗമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ചാപ്പലിൽ

നടന്ന വിശുദ്ധ കുർബാനയിൽ സഹകാർമികനായി. ഒളരിക്കരയിൽ ഹോളി ഫാമിലി കോൺവെന്റിൽ അന്തരിച്ച ബഹു. സി. യുജിൻ സി. എച്ച്. എഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. പറപ്പൂരിൽ സി.എം. സി കോൺവെന്റിൽ നോവീസുകാർക്ക് വേണ്ടി വിശുദ്ധ ബലി യർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

10 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മൂന്നാമത്തെ ദൈവവിളി ക്യാമ്പിന്റെ ഉദ്ഘാടനം നിർവ ഹിക്കുകയും വിദ്യാർത്ഥികളുമായി സംവദിക്കുകയും ചെയ്തു. ഉച്ചക്കുശേഷം മരണമടഞ്ഞ തൃശൂർ അതിരൂപത വൈദികനായ ബഹുമാനപ്പെട്ട ഫ്രാൻസിസ് ആലപ്പാട്ട് അച്ചന്റെ മൃതസംസ്ക്കാര തിരുകർമ്മങ്ങൾക്ക് കാർമികത്വം വഹിക്കുകയും ചെയ്തു. രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ചാലക്കുടി പരിയാരത്ത് കോയമ്പത്തൂർ സി.എം.ഐ പ്രേഷിത പ്രോവിൻ സിന്റെ സിനാക്സിസിൽ ക്ലാസ് നയിച്ചു. ഉച്ചകഴിഞ്ഞ് ബസിലിക്ക പള്ളിയിൽ ബഹു. ഫ്രാൻസിസ് ആലപ്പാട്ട് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭാഗമായി നടന്ന വി. കുർബാന യിൽ സഹകാർമികനാവുകയും ചെയ്തു. വൈകിട്ട് പാലാ ബിഷപ്പ് ഹൗസിൽ മാർ പള്ളിക്കാപറമ്പിൽ മെത്രാന്റെ നൂറാം ജന്മദിനാഘോഷത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

11 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ തൃശൂർ അതിരൂപതയിൽ പുതുതായി നിർമിച്ച കുട്ടംകുളം സെന്റ് ജോൺ ഇടവകദൈവാലയം കൂദാശ ചെയ്തു. ഉച്ചക്കുശേഷം എടക്കളത്തൂർ ഇടവകാതിർത്തിയിൽ സ്ഥിതിചെയ്യുന്ന നിർമല സദന്റെ വാർഷികദിനാഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. വൈകീട്ട് സെന്റ് തോമസ് കോളേജിന്റെ നേതൃത്വത്തിൽ ആരംഭിച്ച ട്രെയിനിങ് സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു. രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മായന്നൂർ ഇടവക പള്ളിയിൽ കൂട് തുറക്കൽ ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ഡി.ബി.സി.എൽ.സിയിൽ കൂടിയ ലോഫ് കൂട്ടായ്മയിൽ സന്ദേശം നൽകി. വൈകീട്ട് ആറംപള്ളിയിൽ ബഹു. സി. ഷൈനി എ.എസ്.സിയുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിക്കുകയും ചേറൂരിലുള്ള സെന്റ് തോമസ് കോളേജിന്റെ കരിയർ ഡെവലപ്മെന്റ് സെന്ററായ എഡ്ജിന്റെ ഉദ്ഘാടനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.

12 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്കുശേഷം ലോഫ് സംഘടനയുടെ വാർഷിക ധ്യാനത്തിൽ സന്ദേശം

നൽകി. ഉച്ചക്കുശേഷം കോടന്നൂർ ഇടവക ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ച പ്രാർത്ഥിക്കുകയും തുടർന്ന് നവീകരിച്ച സ്കൂൾ കെട്ടിടം വെഞ്ചിരിക്കുകയും ചെയ്തു. രാവിലെ അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കുട്ടംകുളം പള്ളിയിൽ ആഘോഷമായ കുർബാന സ്വീകരണത്തിന് മുഖ്യകാർമികത്വം വഹിച്ചു. വൈകിട്ട് ജെറുസലേം ധ്യാനകേന്ദ്രത്തിൽ ഫിയാത്ത് മിഷൻ സംഘടിപ്പിച്ച ജി.ജി.എമ്മിന്റെ സ്റ്റാളുകൾ വെഞ്ചിരിച്ചു.

13 അഭിവന്ദ്യപിതാക്കന്മാർ ജൂബിലി മദർ തെരേസ ഹാളിൽ വച്ച് കൂടിയ ബഹുമാനപ്പെട്ട ഫ്രാൻസിസ് ആലപ്പാട്ട് അച്ചന്റെ അനുസ്മരണയോഗത്തിൽ പങ്കെടുത്തു. രാവിലെ അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സുറിയാനി കോഴ്സിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

14 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ കോലഴി ട്രിനിറ്റി കോൺവെന്റിന്റെ സുവർണ ജൂബിലിയോടനുബന്ധിച്ചുള്ള വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും അനുമോദനങ്ങളും ആശംസകളും അറിയിക്കുകയും ചെയ്തു. ഉച്ചക്കുശേഷം തൃശൂർ അതിരൂപത അംഗമായ ബഹുമാനപ്പെട്ട ആന്റോ ചിരിയങ്കണ്ടത്ത് അച്ചന്റെ മാതാവിന്റെ മൃതസംസ്ക്കര കർമങ്ങൾക്കു കാർമ്മികത്വം വഹിക്കുകയും ചെയ്തു. രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സേക്രഡ് ഹാർട്ട് കോൺവെന്റിൽ വിശുദ്ധ കുർബാന അർപ്പിച്ചു. വൈകിട്ട് ലൂർദ് കത്തീഡ്രൽ പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി.

15 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വൈകീട്ട് ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുണ്ടത്തിക്കോട് പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. വൈകീട്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുക്കുകയും ചെയ്തു.

16. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആലോചനസമിതി യോഗത്തിലും സ്ഥാപനങ്ങളുടെ ഡയറക്ടർമാരുടെ മീറ്റിങ്ങിലും പങ്കെടുത്തു.

17 രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആമ്പല്ലൂരിൽ വച്ച് നടന്ന വിവാഹ ഒരുക്കകോഴ്സിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. വൈകിട്ട് ഹോപ്പ് മിനിസ്ട്രിയുടെ മീറ്റിംഗിൽ സംബന്ധിച്ചു.

18 രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ലൂർദ് കത്തീഡ്രൽ പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നഴ്സിംഗ് കോളേജിന്റെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. വൈകിട്ട് പഴുവിൽ ഇടവക പള്ളിയിൽ കൂട് തുറക്കൽ ശുശ്രൂഷയ്ക്കും വിശുദ്ധ കുർബാനയ്ക്കും മുഖ്യകാർമികത്വം വഹിച്ചു. അതിനുശേഷം ഡി.ബി.സി.എൽ.സിയിൽ സി.ടി.സി. കോഴ്സിന്റെ പാനൽ ഡിസ്കഷനിൽ മോഡറേറ്റർ ആവുകയും ചെയ്തു.

19 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ജെറുസലേം ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തിയ ഫിയാത്ത് മിഷന്റെ ബൈബിൾ എക്സിബിഷൻ സന്ദർശിക്കുകയും സമാപന ദിനത്തിൽ വിശുദ്ധ ബലിയർപ്പിക്കുകയും ചെയ്തു.

19–20 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉഡുപ്പിയിൽ മോൺ. ലെസ്‌ലി ക്ലിഫോഡ് ഡിസൂസായുടെ മെത്രാൻ പട്ടശുശ്രൂഷയിൽ സഹകാർമികൻ ആയി.

20 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്കുശേഷം സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട അച്ചന്മാരുടെ പൗരോഹിത്യ ജൂബിലി വർഷത്തോടനുബന്ധിച്ചു നിർമിക്കപ്പെട്ട മൂന്നു ഭവനങ്ങൾ ആശീർവദിക്കുകയും താക്കോലുകൾ കൈമാറുകയും ചെയ്തു. ഉച്ചക്കുശേഷം ആർച്ച്ബിഷപ്പ് ഹൗസിൽ വച്ച് കൂടിയ ഏകോപനസമിതി യോഗത്തിൽ പങ്കെടുത്തു. വൈകീട്ട് പെർമെനന്റ് സിനഡിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

21 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ തൃശൂർ പൂരത്തിനോടനുബന്ധിച്ച ആരംഭിച്ച എക്സിബിഷൻ പ്രദർശന വേദി സന്ദർശിക്കുകയും ജൂബിലി മിഷൻ ആശുപത്രിയുടെ സ്റ്റാളിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. രാവിലെ തൃശൂർ സെന്റ് ആൻസ് ഇടവക ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട സി എം സി സിസ്റ്റേഴ്സിന്റെ സന്ന്യാസ വസ്ത്ര സ്വീകരണ, വ്രത വാഗ്ദാന തിരുകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു. ഉച്ചക്ക് ശേഷം അതിരൂപതയിലെ വൈദീകനായ ബഹുമാനപ്പെട്ട ലാസർ താണിക്കലച്ചന്റെ ജേഷ്ഠ സഹോദരന്റെ മൃതസംസ്ക്കാര കർമങ്ങൾക്കു കാർമ്മികത്വം വഹിക്കുകയും ചെയ്തു. വൈകീട്ട് മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിലിന്റെ എഴുപതാം ജന്മദിനാഘോഷങ്ങളിൽ പങ്കെടുത്തു. രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സെന്റ് തോമസ് കോളേജിൽ ഗവേണിംഗ് ബോഡി മീറ്റിംഗിൽ അധ്യക്ഷ

നായി. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിലെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

22 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മുണ്ടത്തിക്കോട് വെടിക്കെട്ടപകടത്തിൽ പരിക്കേറ്റവരെയും അവരുടെ കുടുംബാംഗങ്ങളെയും തൃശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സന്ദർശിക്കുകയും മരണമടഞ്ഞവർക്കായി പ്രാർത്ഥിക്കുകയും ചെയ്തു. രാവിലെ കോലഴി മരിയ ഭവനിൽ വച്ച് നടത്തിയ ചാരിറ്റി സിസ്റ്റേഴ്സിന്റെ നിത്യ വ്രത വാഗ്ദാന തിരുകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മഡോണനഗർ മൈനർ സെമിനാരിയിൽ നടന്ന വൊക്കേഷൻ സെലക്ഷൻ ക്യാമ്പിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

23 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ പുല്ലഴി സെന്റ് ജോസഫ് ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും തുടർന്ന് നവീകരിച്ച ഹാൾ വെഞ്ചിരിക്കുകയും ചെയ്തു. സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ട സെലക്ഷൻ ക്യാമ്പിൽ ഇന്റർവ്യൂ നടത്തി പുതുതായി സെമിനാരിയിൽ ചേരുവാൻ ആഗ്രഹമുള്ളവരും യോഗ്യരായവരുമായ കുട്ടികളെ തിരഞ്ഞെടുത്തു. ഉച്ചക്കുശേഷം ഫാമിലി അപ്പസ്തോലറ്റിൽ വച്ച് നടത്തിയ എഫ് സി ആർ എ ബില്ല് സംബന്ധിച്ച പാനൽ ഡിസ്കഷൻ ഉദ്ഘാടനം ചെയ്തു. രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഡി.ബി.സി.എൽ.സിയിൽ കാറ്റിക്കിസം ഫൊറോന പ്രൊമോട്ടേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ഫാമിലി അപ്പോസ്തൊലേറ്റിൽ നടന്ന അഡ്വക്കേറ്റ്സ് ഫോറത്തിൽ പങ്കെടുക്കുകയും തുടർന്ന് മീഡിയ കത്തോലിക്കയുടെ മീറ്റിങ്ങിൽ പങ്കെടുക്കുകയും ചെയ്തു.

24 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മൈനർ സെമിനാരിയിൽ സെലക്ഷൻ ക്യാമ്പിന്റെ സമാപന ദിനത്തിലെ വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. വൈകീട്ട് ഡിബിസിഎൽസി യിൽ വച്ച് നടത്തപ്പെട്ട വിശ്വാസ പരിശീലകരുടെ ട്രെയിനിങ് പ്രോഗ്രാമിൽ പങ്കെടുക്കുന്നവരെ സന്ദർശിച്ചു. രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പുതുക്കാട് പള്ളിയിൽ തിരുനാൾ കൊടിയേറ്റം നടത്തുകയും വിശുദ്ധ ബലി അർപ്പിക്കുകയും ചെയ്തു. ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന ഇൻസ്റ്റിറ്റ്യൂഷൻ ഡസ്ക് മീറ്റിംഗിൽ പങ്കെടുത്തു. വൈകീട്ട് തെക്കൻ താണിശ്ശേരി പള്ളിയിൽ തിരുനാൾ കൊടിയേറ്റം

നടത്തുകയും വിശുദ്ധ ബലി അർപ്പിക്കുകയും ചെയ്തു.

25 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ഇയ്യാൽ കോൺവെന്റിന്റെയും സ്കൂളിന്റെയും സിൽവർ ജൂബിലിയോടനുബന്ധിച്ച വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുകയും മീറ്റിംഗ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഉച്ചക്കുശേഷം തൃശൂർ പൂരം ഓഫീസ് സന്ദർശിക്കുകയും പൂരാശംസകൾ നേരുകയും ചെയ്തു. വൈകീട്ട് നവീകരിച്ച പാവറട്ടി വിശുദ്ധ യൗസേപ്പിതാവിന്റെ തീർത്ഥകേന്ദ്രം പുനഃകൂദാശ ചെയ്യുകയും തിരുനാളിനോടനുബന്ധിച്ചുള്ള കൂടുതുറക്കൽ ശുശ്രൂഷക്ക് കാർമികത്വം വഹിക്കുകയും ചെയ്തു. രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ബസിലിക്ക പള്ളിയിൽ ആഘോഷമായ കുർബാന സ്വീകരണത്തിന് മുഖ്യകാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് പാറമേക്കാവ് തിരുവമ്പാടി വിഭാഗങ്ങളുടെ ഓഫീസുകൾ സന്ദർശിക്കുകയും തൃശ്ശൂർ പൂരത്തിന്റെ ആശംസകൾ നേരുകയും ചെയ്തു. വൈകീട്ട് വെങ്ങിണിശ്ശേരി എഫ്.സി.സി കോൺവെന്റിൽ അന്തരിച്ച ബഹു. സി. എൽസി ജോസിറ്റയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിക്കുകയും അതിനുശേഷം ഡി.ബി.സി.എൽ.സിയിൽ സി.ടി.സി. കോഴ്സിന്റെ പാനൽ ഡിസ്കഷനിൽ മോഡറേറ്റർ ആവുകയും ചെയ്തു.

26 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്ക് ശേഷം ഗ്രേസ് ഹോമിന്റെ വാർഷികദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. വൈകീട്ട് നോർത്ത് നന്തിപുലം ഇടവകയിൽ സംഘടിപ്പിച്ച അഭിവന്ദ്യ പിതാവിന്റെ ജൂബിലി വർഷാചരണത്തിൽ പങ്കെടുക്കുകയും ഇടവകദിനാഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ചേലക്കര എൽ.എഫ് കോൺവെന്റിൽ വച്ച് ആ ഫൊറോനയിൽ നിന്നും സി.ടി.സി. കോഴ്സിൽ പങ്കെടുക്കുന്ന വിശ്വാസപരിശീലകർക്ക് വിശുദ്ധ ബലി അർപ്പിച്ചു.

27 അഭിവന്ദ്യപിതാക്കന്മാർ രാവിലെ മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ചു തൃശൂർ ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് ഡി ബി സി എൽ സി യിൽ വച്ച് നടത്തപ്പെട്ട ഇന്റർ കൂരിയ മീറ്റിംഗിൽ പങ്കെടുത്തു.

28 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മഞ്ഞക്കുന്ന് ഇടവകയിലെ പുത്തൂർ ജോയ് – സ്മിയ ദമ്പതികളുടെ ആറാമത്തെ കുഞ്ഞിന് മാമോദീസ നൽകി. ഉച്ചക്ക്

ശേഷം ആലുവ സെമിനാരിയിൽ വച്ച് കൂടിയ ബാച്ച് ഗാതെറിങ്ങിൽ പങ്കെടുത്തു.

28-30 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെട്ട മൈനർ സെമിനാരി പരിശീലനത്തിലേർപ്പിട്ടിരിക്കുന്ന വൈദികരുടെ പരിശീലന കളരിക്ക് നേതൃത്വം നൽകി.

29 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്കുശേഷം തൃശൂർ കിഴക്കേ കോട്ടയിൽ ജൂബിലി ആശുപത്രി സംരക്ഷണസമിതിയുടെ നേതൃത്വത്തിൽ പാവപ്പെട്ട നേഴ്സുമാരെ തെറ്റിദ്ധരിപ്പിച്ചു സമരത്തിനിറക്കുന്ന കുത്തക ശക്തികൾക്കെതിരെ നടത്തിയ സമര പരിപാടി ഉദ്ഘാടനം ചെയ്തു.

ശിഷ്യൻമാർക്കുവേണ്ടി
പ്രാർഥിക്കുന്നു
**അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.**
**(യോഹ 17, 21)**

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



''അമ്മേ, നിന്റെ ഹൃദയം നിറയെ വിശുദ്ധമായ ചിന്തകളാണ്, നാവിൽ ദൈവഭക്തിയുള്ള വാക്കുകളാണ്, പ്രവർത്തികൾ ദൈവതിരുമനസ്സിന് അനുരൂപവുമാണ്. നീചനായ എന്നേയും വിശുദ്ധിയിൽ വളർത്തുക, എന്നെ ഒരു വിശുദ്ധനാക്കുക''. ഇങ്ങനെ അനുദിനം പ്രാർത്ഥിച്ച മരിയഭക്തനായ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനോടുള്ള ബഹുമാനാർത്ഥം നടത്തിവരുന്ന രണ്ടാം ശനി ഓർമ്മയാചരണം ഈ മരിയമാസത്തിൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക ദൈവാലയത്തിൽവെച്ച് നടത്തപ്പെട്ടു. കുന്നംകുളം സെന്റ് ജോർജ് ആശ്രമസുപ്പീരിയറായ ബഹു. ഫാ വിജു കോലങ്കണ്ണി സിഎംഐ ആണ് തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചത്. പുത്തൻവേലിക്കര ഇൻഫന്റ് ജീസസ് ഇടവക സമൂഹമാണ് തീർത്ഥാടകരായി എത്തിയത്. അവിടെയുള്ള ബഹു. ചാരിററി സിസ്റ്റേഴ്സാണ് ജപമാലയ്ക്കും ആരാധനയ്ക്കും നേതൃത്വം നല്കിയത്. പറപ്പൂർ നിന്നുള്ള നെയ്യൻ ജിനു ഡേവിസ് & ഫാമിലിയാണ് ഈ മാസത്തെ ആചരണം ഏറ്റെടുത്ത് നടത്തി

യത്. ബഹു. വിജു അച്ചന്റെ സന്ദേശത്തിൽനിന്നും:

തന്റെ ജീവിതകാലത്ത് അനേകം ഉപമകളിലൂടെ ഈശോ സംസാരിച്ചതായി വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നുണ്ട്. ഏതു സമയത്തും സന്ദർഭങ്ങളിലും പ്രായോഗികമാക്കുവാൻ സഹായിക്കുന്ന ക്ലാസിക്കൽ ഉപമകളും അവയിലുണ്ട്. അത്തരത്തിലൊന്നാണ് മുന്തിരിച്ചെടിയും ശാഖകളും. ഈ ഉപമയിലൂടെ താനും പിതാവുമായുള്ള ബന്ധത്തെയും മനുഷ്യർക്ക് തന്നോടുള്ള ബന്ധം എങ്ങനെ പരിപോഷിപ്പിക്കാമെന്ന് ഈശോ പഠിപ്പിക്കുന്നു. ഒരു മുന്തിരിച്ചെടിയുടെ ദൗത്യം ഫലം പുറപ്പെടുവിക്കുക എന്നതാണ്. അതൊടൊപ്പം ഫലം നല്കിയാലും ഇല്ലെങ്കിലും അത് വെട്ടിയൊരുക്കലിന് വിധേയപ്പെടുകയും വേണം. ഇപ്രകാരംതന്നെയാണ് ദൈവമനുഷ്യബന്ധത്തിലും സംഭവിക്കുന്നത്. ഏതവസ്ഥയിലും ദൈവഹിതപ്രകാരം ഒരുക്കപ്പെടുന്നതിന് നമ്മളും അനുവദനീയരാകണം. കാരണം ഈശോക്കുവേണ്ടി ഫലം പുറപ്പെടുവിക്കുക എന്നത് നമ്മുടെ ധർമ്മമാണ്. എന്നാൽ വെട്ടിയൊരുക്കപ്പെടലുകൾ ഏതു തരത്തിലാണെന്ന് തിരിച്ചറിയുവാൻ സാധിക്കാതെ വരുമ്പോഴാണ് നാം ഈശോയിൽനിന്നും അകന്നു നില്ക്കുന്നവരായി മാറുന്നത്. ഇങ്ങനെയാകാതെ തിരുഹിതം തിരിച്ചറിഞ്ഞ് തിരുമനസ്സിന്റെ മനോഭാവം സ്വന്തമാക്കുന്നവരാകണം നാം. നമുക്കു മുമ്പേ കടന്നുപോയ വിശുദ്ധാത്മാക്കളെല്ലാം ഇങ്ങനെയുള്ളവരായിരുന്നു. ധന്യനായ ഊക്കനച്ചന്റെ ജീവിതവും നമ്മെ പഠിപ്പിക്കുന്നത് ഇതുതന്നെയാണ്. ഈശോയുമായുള്ള ബന്ധത്തിൽ ആയിരുന്നുകൊണ്ട് അവിടുത്തെ മനോഭാവം സ്വന്തമാക്കി, കർത്താവിനായി ഫലം പുറപ്പെടുവിക്കുകയാണ് തന്റെ ദൗത്യമെന്ന് തിരിച്ചറിഞ്ഞപ്പോൾ ദൈവഹിതപൂർത്തീകരണത്തിനായി സ്വജീവിതത്തെ സമർപ്പിച്ച മഹാനായ വ്യക്തിയാണ് ഊക്കനച്ചൻ. കർത്താവിന്റെ കൃപ ഈ പുണ്യവൈദികനിലൂടെ നമുക്കും ലഭിക്കുമെന്നുള്ള ഉറപ്പുള്ളതുകൊണ്ടാണ് അദ്ദേഹത്തിന്റെ മധ്യസ്ഥം തേടി നാം പ്രാർത്ഥിക്കുന്നത്. നാം അപേക്ഷിക്കുന്നവ ഇദ്ദേഹത്തിന്റെ സഹായം വഴി ലഭിക്കുന്നതുകൊണ്ട് മാത്രമാകരുത് ഈ സന്നിധിയിലേക്ക് നാം വരാൻ; മറിച്ച് ഊക്കനച്ചൻ എങ്ങനെ ഈശോയിൽ വസിച്ചുവോ അതുപോലെ വസിക്കുവാൻ എനിക്കും സാധിക്കണമെന്ന യാചനയായിരിക്കണം നമ്മിൽനിന്ന് ഉയരേണ്ടത്. ധന്യനായ ഈ പുരോഹിതശ്രേഷ്ഠനുണ്ടായിരുന്ന ഒരു Mutual abiding relationship നമ്മിലുണ്ടാകട്ടെ! അങ്ങനെ ധാരാളം ഫലം പുറപ്പെടുവിക്കാൻ സാധിക്കുന്ന ശാഖയായി മാറുവാൻ നമുക്കും സാധിക്കട്ടെ.

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ നാമകരണപരിപാടികളുടെ വൈസ് പോസ്റ്റുലേറ്റർ ഡോ. സി. വർഷ സി എസ് സി ഏവർക്കും സ്വാഗതവും നന്ദിയും പറയുകയും ചെയ്തു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



**63-ാമത് ശ്രാദ്ധ ആചരണം**

ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ അച്ചന്റെ 63-ാം ശ്രാദ്ധാചരണത്തിന്റെ ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് രക്ഷാധികാരിയും അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് സഹ രക്ഷാധികാരിയും ആയുള്ള വിപുലമായ ഒരു കമ്മിറ്റി രൂപീകരിച്ചു. ശ്രീ സജി മാളിയേക്കൽ ജനറൽ കൺവീനർ ആയുള്ള 22 കമ്മിറ്റികൾ പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചുവരുന്നു. ശ്രാദ്ധാചരണത്തിന് ഒരുക്കമായുള്ള 9 വെള്ളി ആചരണം ഏപ്രിൽ 10ന് ആരംഭിച്ചു. ശ്രാദ്ധാചരണ പരിപാടികളുടെ ഓഫീസ് ഉദ്ഘാടനം ഏപ്രിൽ 26ന് നിർവഹിച്ചത് അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവാണ്.

ശ്രാദ്ധത്തിന്റെ തിരുക്കർമ്മങ്ങൾ മെയ് 31 ഞായർ വൈസ് പോസ്റ്റുലേറ്റർ ബഹു. പോൾ പുളിക്കനച്ചന്റെ വി. കുർബാന അർപ്പണത്തോടെ ആരംഭിക്കും. തുടർന്ന് ജൂൺ എട്ടാം തീയതി വരെ വൈകിട്ട്

5.30ന്റെ വിശുദ്ധ കുർബാനകൾക്ക് വിവിധ ഫൊറോനകളിലെ വികാരിമാർ കാർമികരായിരിക്കും.

പദയാത്രദിനമായ ജൂൺ 7ന് രാവിലെ ബിജ്നോർ രൂപതാദ്ധ്യക്ഷൻ മാർ വിൻസെന്റ് നെല്ലായിപറമ്പിൽ ബലിയർപ്പിച്ച് സന്ദേശം നൽകും. മുള്ളൂർക്കര പള്ളിയിൽ നിന്ന് ആരംഭിക്കുന്ന പദയാത്ര വൈകിട്ട് 6.30ന് ചേലക്കരയിലെത്തും. തുടർന്ന് അതിരൂപതാ വികാരി ജനറൽ മോൺ. ജയ്സൺ കൂനംപ്ലാക്കൽ സമാപന ആശീർവാദം നൽകും.

ശ്രാദ്ധദിനമായ ജൂൺ 9ന് രാവിലെ, വിശുദ്ധ കുർബാനയ്ക്ക് നേതൃത്വം നൽകുന്നത് അഭിവന്ദ്യ മാർ ബോസ്കോ പുത്തൂരാണ്. ബഹുമാനപ്പെട്ട അന്തോണിയച്ചന്റെ നാമകരണനടപടികളുടെ എക്സ്റ്റേണൽ കൊളാബറേറ്റർ ആയ ബഹു. ജിസോ കുറ്റിക്കാട്ട് അച്ചൻ സന്ദേശം നൽകും. ശ്രാദ്ധാചരണത്തോടനുബന്ധിച്ച് ഡയാലിസിസ് രോഗികൾക്കായുള്ള ഫണ്ട് കൈമാറൽ അതിരൂപതാ വികാരി ജനറൽ മോൺ. ജോസ് കോനിക്കര നിർവഹിക്കും. മെഡിക്കൽ ക്യാമ്പ്, രക്തദാന ക്യാമ്പ് എന്നിവയും കാരുണ്യകമ്മറ്റി ഒരുക്കുന്നുണ്ട്. ശ്രാദ്ധാചരണത്തിന്റെ വിപുലമായ ഒരുക്കങ്ങൾ നടന്നുവരുന്നു.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

ദുഃഖം സന്തോഷമായി മാറും

**സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ, നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും.**
**(യോഹ 16, 20)**

₹

# സാമ്പത്തിക കാര്യാലയം

**വാർഷിക തെരട്ട് സമർപ്പിക്കൽ :**

2026 ആഗസ്റ്റ് 3 മുതൽ ഫൊറോന അടിസ്ഥാനത്തിലാണ് തെരട്ട് കൊണ്ടുവരേണ്ടത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെയാണ് തെരട്ട് സ്വീകരിക്കുന്നത്, ശനിയാഴ്ചകളിൽ തെരട്ട് സ്വീകരിക്കന്നതല്ല.

**തെരട്ട് ഫോമുകൾ** ഫൊറോന കാര്യാലയങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഇടവകകൾ തങ്ങളുടെ ഫൊറോനകളിൽ നിന്നും അവ വാങ്ങി കൊണ്ടുപോകേണ്ടതാണ്.

**ഫൈനാൻസ് ഓഫീസ്** - പണമിടപാട് : പള്ളികളിൽ നിന്നുള്ള തെരട്ട് കൊണ്ട് വരുമ്പോൾ ചെക്കുകൾ ചുരുങ്ങിയത് 6 എണ്ണമെങ്കിലും കൊണ്ടുവരുവാൻ നിർദ്ദേശിക്കുന്നു. ദയവായി ഇത് പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**സമയക്രമം** : നിശ്ചയിക്കപ്പെട്ട ദിവസങ്ങളിലും സമയത്തും വരുന്നുണ്ടെങ്കിലോ, വരാൻ സാധിക്കുന്നില്ലെങ്കിലോ തലേ ദിവസം അറിയിക്കുന്നത് നല്ലതാണ്.

**CA ഓഡിറ്റ്** : CA ഓഡിറ്റ് ചെയ്യുന്നതിന് ഇടവകകൾ കണക്കുകൾ തയ്യാറാക്കി അതാത് ഓഡിറ്റർമാരെ ഏൽപ്പിക്കേണ്ടതും CA ഓഡിറ്റ് റിപ്പോർട്ട് വാങ്ങിവെക്കേണ്ടതുമാണ്. അതിനു ശേഷം ഇന്റേണൽ ഓഡിറ്റ് നടത്തി കണക്ക് പ്രതിനിധിയോഗത്തിൽ പാസാക്കേണ്ടതാണ്. ഇത് കൂടാതെ Incom Tax Return സമർപ്പിക്കേണ്ടതും അതിന്റെ Print Out വാങ്ങിവെക്കേണ്ടതും അതിന്റെ Copy തെരട്ട് കൊണ്ടുവരുമ്പോൾ സാമ്പത്തിക കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്. ഇടവകയുടെ ആദായനികുതി നിയമപ്രകാരം ചാരിറ്റബിൾ രജിസ്ട്രേഷൻ (12AB) 2025-26 ൽ പുതുക്കിയ Order for Registrationന്റെയും പാൻകാർഡിന്റെയും ഓരോ കോപ്പികൾ സാമ്പത്തിക കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

**Lourdes**

| | | |
|---|---|---|
| Thrissur - Lourde | August 3 | 09.30 am |
| Chembukkavu | August 3 | 10.00 am |
| Kundukkad | August 3 | 10.30 am |
| Madakkathara | August 3 | 11.00 am |
| Madona Nagar | August 3 | 11.30 am |
| Mannuthy | August 4 | 09.30 am |
| Mariapuram | August 4 | 10.00 am |
| Mukkattukara | August 4 | 10.30 am |
| Mullakkara | August 4 | 11.00 am |
| Nadathara` | August 4 | 11.30 am |
| Nellankara | August 5 | 09.30 am |
| Nellikunnu | August 5 | 10.00 am |
| Ollukkara | August 5 | 10.30 am |
| Paravattany | August 5 | 11.00 am |
| Ponganamkad | August 5 | 11.30 am |
| Pullamkandom | August 6 | 09.30 am |
| Punkunnam | August 6 | 10.00 am |
| Vijayapuram | August 6 | 11.00 am |
| Villadam | August 6 | 11.30 am |

**Basilica**

| | | |
|---|---|---|
| Thrissur - Basilica | August 7 | 09.30 am |
| Aranattukara | August 7 | 10.00 am |
| Ayyanthole | August 7 | 10.30 am |
| Chettupuzha | August 7 | 11.00 am |
| Chiyyaram Sevanalayam | August 7 | 11.30 am |
| Elthuruth | August 10 | 09.30 am |
| Kannamkulangara | August 10 | 10.00 am |
| Kuriachira | August 10 | 10.30 am |
| Nedupuzha | August 10 | 11.00 am |
| Nehrunagar | August 10 | 11.30 am |
| Nirmalapuram | August 11 | 09.30 am |
| Olarikkara | August 11 | 10.00 am |
| Panamuck | August 11 | 10.30 am |
| Pullazhy | August 11 | 11.00 am |
| Thrissur – St. Anne's | August 11 | 11.30 am |
| Vadookkara | August 12 | 09.30 am |
| Poothole | August 12 | 10.00 am |

**Chelakkara**

| | | |
|---|---|---|
| Chelakkara | August 12 | 10.30 am |
| Cheruthuruthy | August 12 | 11.00 am |
| Elanad | August 12 | 11.30 am |
| Killimangalam | August 13 | 09.30 am |
| Manalady | August 13 | 10.00 am |
| Mayannur | August 13 | 10.30 am |
| Mulloorkara | August 13 | 11.00 am |
| Pangarappilly | August 13 | 11.30 am |
| Parakkad | August 14 | 09.30 am |
| Pazhayannur | August 14 | 10.00 am |
| Thiruvillwamala | August 14 | 10.30 am |

**Erumappetty**

| | | |
|---|---|---|
| Erumapetty | August 14 | 11.00 am |
| Kadangode | August 14 | 11.30 am |
| Attathara | August 17 | 09.30 am |
| Chowannur | August 17 | 10.00 am |
| Eyyal | August 17 | 10.30 am |
| Mangad | August 17 | 11.00 am |
| Parempadam | August 17 | 11.30 am |
| Marathamkode | August 18 | 09.30 am |
| Pathiyaram | August 18 | 10.00 am |
| Pathramangalam | August 18 | 10.30 am |
| Puthuruthy | August 18 | 11.00 am |
| Chengode | August 18 | 11.00 am |
| Vellarakad | August 18 | 11.30 am |

**Kandassankadavu**

| | | |
|---|---|---|
| Kandassankadavu | August 19 | 09.30 am |
| Arimpur | August 19 | 10.00 am |
| Enammavu | August 19 | 10.30 am |
| Konchira | August 19 | 11.00 am |
| Engandiyur | August 19 | 11.30 am |
| Eravu | August 20 | 09.30 am |
| Kanjany | August 20 | 10.00 am |
| Karamuck | August 20 | 10.30 am |
| Karamuck North | August 20 | 11.00 am |
| Manakody | August 20 | 11.30 am |
| Manalur East | August 21 | 09.30 am |
| Kettungal | August 21 | 10.00 am |

| | | |
|---|---|---|
| Manalur West | August 21 | 10.30 am |
| Mullassery | August 21 | 11.00 am |
| Pudukkad North | August 21 | 11.30 am |
| Thoyakavu | August 31 | 09.30 am |
| Vadanappilly | August 31 | 10.00 am |
| Thalikulam | August 31 | 10.30 am |
| Veluthur | August 31 | 11.00 am |

**Kottekad**

| | | |
|---|---|---|
| Kottekad | September 1 | 09.30 am |
| Pottore | September 1 | 10.00 am |
| Choolissery | September 1 | 10.30 am |
| Kolengattukara | September 1 | 11.00 am |
| Avanur | September 1 | 11.30 am |
| Kuttur | September 1 | 12.00 noon |
| Mundur | September 2 | 09.30 am |
| Papa Nagar | September 2 | 10.00 am |
| Peramangalam | September 2 | 10.30 am |
| Varadiyam | September 2 | 11.00 am |
| Velapaya | September 2 | 11.30 am |
| Viyyur | September 2 | 12.00 noon |

**Mattom**

| | | |
|---|---|---|
| Mattom | September 3 | 09.30 am |
| Mattom Pgm. Centre | September 3 | 10.00 am |
| Aloor | September 3 | 10.30 am |
| Nambazhikad | September 3 | 11.00 am |
| Aloor East | September 3 | 11.30 am |
| Chittattukara | September 4 | 09.30 am |
| Choondal | September 4 | 10.00 am |
| Elavally | September 4 | 10.30 am |
| Kandanassery | September 4 | 11.00 am |
| Koonammoochi | September 4 | 11.30 am |
| Kunnamkulam | September 7 | 09.30 am |
| Pudussery | September 7 | 10.00 am |
| Pazhunnana | September 7 | 10.30 am |
| Vaka | September 7 | 11.00 am |

**Ollur**

| | | |
|---|---|---|
| Ollur | September 8 | 09.30 am |
| Anchery South St. | September 8 | 10.00 am |

| | | |
|---|---|---|
| Ammadom | September 8 | 10.30 am |
| Avinissery | September 8 | 11.00 am |
| Chiyyaram Galilee | September 8 | 11.30 am |
| Chiyyaram Vijayamatha | September 9 | 09.30 am |
| Kodannur | September 9 | 10.00 am |
| Konikara | September 9 | 10.30 am |
| Marathakara | September 9 | 11.00 am |
| Ollur Marymatha | September 9 | 11.30 am |
| Padavarad | September 10 | 09.30 am |
| Palakkal | September 10 | 10.00 am |
| Pallissery | September 10 | 10.30 am |
| Perinchery | September 10 | 11.00 am |
| Pootharackal | September 10 | 11.30 am |
| Pulakkattukara | September 11 | 09.30 am |
| Thaikkattussery | September 11 | 10.00 am |
| Thalore | September 11 | 10.30 am |
| Vallachira | September 11 | 11.00 am |
| Venginissery | September 11 | 11.30 am |
| Panamkulam | September 11 | 11.30 am |

**Palayur**

| | | |
|---|---|---|
| Palayur | September 16 | 09.30 am |
| Anjoor | September 16 | 10.00 am |
| Arthat | September 16 | 10.30 am |
| Attupuram | September 16 | 11.00 am |
| Brahmakulam | September 16 | 11.30 am |
| Chemmannur | September 18 | 09.30 am |
| Guruvayur | September 18 | 10.00 am |
| Kaveed | September 18 | 10.30 am |
| Kottapady | September 18 | 11.00 am |
| Orumanyur | September 18 | 11.30 am |
| Pavaratty | September 21 | 09.30 am |
| Perakom | September 21 | 10.00 am |
| Ponnani | September 21 | 10.30 am |
| Vylathur | September 21 | 11.00 am |
| Kakkassery | September 21 | 11.30 am |
| Peringad | September 21 | 12.00 noon |

**Parappur**

| | | |
|---|---|---|
| Parappur | September 22 | 09.30 am |
| Annakara St. | September 22 | 10.00 am |

| | | |
|---|---|---|
| Urakam | September 22 | 10.30 am |
| Tholur | September 22 | 11.00 am |

**Parappur**

| | | |
|---|---|---|
| Adat | September 22 | 11.30 am |
| Amalanagar | September 23 | 09.00 am |
| Ambakad | September 23 | 10.00 am |
| Chittilappilly | September 23 | 10.30 am |
| Edakkalathur | September 23 | 11.00 am |
| Puthur(Edakkalathur) | September 23 | 11.30 am |
| Peruvallur | September 24 | 09.00 am |
| Ponnore | September 24 | 10.00 am |
| Puranattukara | September 24 | 10.30 am |

**Pattikkad**

| | | |
|---|---|---|
| Pattikad | September 24 | 11.00 am |
| Cherumkuzy | September 24 | 11.30 am |
| Chirakkekode | September 25 | 09.00 am |
| Chuvannamannu | September 25 | 10.00 am |
| Kannara | September 25 | 10.30 am |
| Koottala | September 25 | 11.00 am |
| Manjakunnu | September 25 | 11.30 am |
| Mulayam | September 28 | 09.00 am |
| Peechi | September 28 | 10.00 am |
| Vaniampara | September 28 | 10.30 am |
| Plakkode | September 28 | 11.00 am |
| Veendassery | September 28 | 11.30 am |
| Vellakarithadom | September 28 | 11.30 am |

**Pazhuvil**

| | | |
|---|---|---|
| Pazhuvil | September 29 | 09.00 am |
| Anthikkad | September 29 | 10.00 am |
| Chazhur | September 29 | 10.30 am |
| Cherpu | September 29 | 11.00 am |
| Chevoor | September 29 | 11.30 am |
| Chirackal | September 30 | 09.00 am |
| Kizhuppillikkara | September 30 | 10.00 am |
| Peringottukara | September 30 | 10.30 am |
| Poochinnipadam | September 30 | 11.00 am |
| Porathur | September 30 | 11.30 am |
| Pullu | October 1 | 09.00 am |

| | | |
|---|---|---|
| Puthenpeedika | October 1 | 10.00 am |
| Mutthichoor | October 1 | 10.30 am |
| Thriprayar | October 1 | 11.00 am |
| Valappad | October 1 | 11.30 am |
| Nattika | October 1 | 11.30 am |

**Pudukkad**

| | | |
|---|---|---|
| Pudukkad | October 5 | 09.00 am |
| Chengalur | October 5 | 10.00 am |
| Christ Nagar Chengalur | October 5 | 10.30 am |
| Chittissery | October 5 | 11.00 am |
| Kallur East | October 5 | 11.30 am |
| Kallur West | October 6 | 09.00 am |
| Mannampetta | October 6 | 10.00 am |
| Pookode | October 6 | 10.30 am |
| Nandipulam | October 6 | 11.00 am |
| Nandipulam North | October 6 | 11.30 am |
| Nenmanikkara | October 6 | 11.30 am |
| Palazhi | October 7 | 09.00 am |
| Snehapuram | October 7 | 10.00 am |
| Thoravu | October 7 | 10.30 am |
| Varakkara | October 7 | 11.00 am |
| Varakkara South | October 7 | 11.30 am |
| Varandarappilly East | October 8 | 09.00 am |
| V.Pallikkunnu | October 8 | 10.00 am |
| Vellanikode | October 8 | 10.30 am |
| Velupadam | October 8 | 11.00 am |
| Nadampadam | October 8 | 11.30 am |
| Vendore | October 8 | 11.30 am |

**Puthur**

| | | |
|---|---|---|
| Puthur | October 9 | 09.00 am |
| Bharatha | October 9 | 10.00 am |
| Eravimangalam | October 9 | 10.30 am |
| Kozhukully | October 9 | 11.00 am |
| Mannamangalam | October 9 | 11.30 am |
| Marottichal | October 12 | 09.00 am |
| Ponnukkara | October 12 | 10.00 am |
| Thrikkur | October 12 | 10.30 am |
| Valakkavu | October 12 | 11.00 am |
| Vettukad | October 12 | 11.30 am |

**Velur**

| | | |
|---|---|---|
| Velur | October 13 | 09.00 am |
| Arampilly | October 13 | 10.00 am |
| Chiranellur | October 13 | 10.30 am |
| Eranellur | October 13 | 11.00 am |
| Kaiparambu | October 13 | 11.30 am |
| Kiraloor | October 14 | 09.00 am |
| Kurumal | October 14 | 10.00 am |
| Kuttamkulam | October 14 | 10.30 am |
| Mundathikode | October 14 | 11.00 am |
| Parannur | October 14 | 11.30 am |
| Pazhayangadi | October 15 | 09.00 am |
| Thalakkottukara | October 15 | 10.00 am |
| Kannepadam | October 15 | 10.30 am |
| Thandilam | October 15 | 11.00 am |
| Thangalur | October 15 | 11.30 am |
| Thangalur North | October 16 | 09.00 am |
| Thayyur | October 16 | 10.00 am |
| Vellattanjoor | October 16 | 10.30 am |

**Wadakkanchery**

| | | |
|---|---|---|
| Wadakkanchery | October 16 | 11.00 am |
| Athani | October 16 | 11.30 am |
| Chottupara | October 19 | 09.00 am |
| Karumathra | October 19 | 10.00 am |
| Kolazhy | October 19 | 10.30 am |
| Kumblangad | October 19 | 11.00 am |
| Kundannur | October 19 | 11.30 am |
| Kanjirakode | October 20 | 09.00 am |
| Machad | October 20 | 10.00 am |
| Poomala | October 20 | 10.30 am |
| Sarithapuram | October 20 | 11.00 am |
| Thiroor | October 20 | 11.30 am |
| Thiruthiparambu | October 21 | 09.00 am |
| Varavoor | October 21 | 10.00 am |
| Sankaranchira | October 21 | 11.00 am |
| Urakode | October 21 | 11.30 am |

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്** — ഫൈനാൻസ് ഓഫീസർ

**ഫാ.അജിത്ത് കൊള്ളന്നൂർ** — അസി.ഫൈനാൻസ് ഓഫീസർ

# വൈദികർ




ഫാ. ബിജു ജോസഫ് ആലപ്പാട്ട് 01
ഫാ. വർഗ്ഗീസ് തരകൻ 01
ഫാ. ജിമ്മി എടക്കുളത്തൂർ 03
ഫാ. ആന്റോ കാഞ്ഞിരത്തിങ്കൽ 03
ഫാ. ക്ലിന്റ് പാണേങ്ങാടൻ 04
ഫാ. ജിജോ കപ്പിലാംനിരപ്പേൽ 06
ഫാ. അജിത്ത് ചിറ്റിലപ്പിള്ളി 07
ഫാ. തോമസ് എടക്കളത്തൂർ 07
ഫാ. ജിബിൻ താഴേക്കാടൻ 07
ഫാ. സ്റ്റാർസൻ കള്ളിക്കാടൻ 08
ഫാ. അജീഷ് പെരിഞ്ചേരി 08
ഫാ. ജിക്സൺ മാളോക്കാരൻ 09
ഫാ. പ്രിൻസ് നായങ്കര 09
ഫാ. നിതിൻ പൊന്നാരി 09
ഫാ. ആന്റോ പാണേങ്ങാടൻ 10
ഫാ. തോമസ് പൂപ്പാടി 12
ഫാ. ഷിജോ പള്ളിക്കുന്നത്ത് 13
ഫാ. ആന്റണി ചിറ്റിലപ്പിള്ളി Sr. 14
ഫാ. ജോബി പുത്തൂർ 16
ഫാ. ടോണി തോമസ് കാക്കശ്ശേരി 17
ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് 17
ഫാ. ജിമ്മി കല്ലിങ്കൽക്കുടിയിൽ 18
ഫാ. ഫെബിൻ കൂത്തൂർ 18
ഫാ. ജെയ്സൻ പഴയേടത്ത് 18
ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ 19
ഫാ. പോൾ ചാലിശ്ശേരി 20
ഫാ. നോബി അമ്പൂക്കൻ 22
ഫാ. പോൾ മാളിയമ്മാവ് 23
ഫാ. ഡേവിസ് തെക്കേക്കര 24
ഫാ. ദാവീദ് വിതയത്തിൽ 24
ഫാ. യേശുദാസ് നെടുമ്പക്കാരൻ 25
ഫാ. തേജസ്സ് കുന്നപ്പിള്ളിൽ 26
ഫാ. ജോസഫ് ബ്രഹ്മകുളം 27
ഫാ. ജേക്കബ് എടക്കളത്തൂർ 29

# നാമഹേതുക തിരുനാൾ

# FEAST DAY

ഫാ. ജസ്റ്റിൻ തടത്തിൽ 01
ഫാ. ബാബു അപ്പാടൻ 13
ഫാ. ആന്റണി കുരുതുകുളങ്ങര 13
ഫാ. സിജു പുളിക്കൻ 13
ഫാ. സാജൻ വടക്കൻ 13
ഫാ. ബിനു പറോക്കാരൻ 13
ഫാ. ഡെന്നിസ് മാറോക്കി 13
ഫാ. ഫിജോ ആലപ്പാടൻ 13
ഫാ. ആന്റോ ഒല്ലൂക്കാരൻ 13
ഫാ. ആന്റണി ചിറ്റിലപ്പിള്ളി Jr. 13
ഫാ. ടൈസൻ മണ്ടുംപാൽ 13
ഫാ. ആന്റണി മേച്ചേരി 13
ഫാ. സലീഷ് അറങ്ങാശ്ശേരി 13
ഫാ. ആന്റണി മേനാച്ചേരി 13
ഫാ. ആന്റണി അമ്മുത്തൻ 13
ഫാ. മേജോ മുത്തുപ്പീടിക 13
ഫാ. ആന്റോ കാഞ്ഞിരത്തിങ്കൽ 13
ഫാ. അജിത്ത് ചിറ്റിലപ്പിള്ളി 13
ഫാ. ജിക്സൺ മാളോക്കാരൻ 13
ഫാ. ആന്റോ പാണേങ്ങാടൻ 13
ഫാ. ആന്റണി ചിറ്റിലപ്പിള്ളി Sr. 13
ഫാ. ഫെബിൻ കൂത്തൂർ 13
ഫാ. യേശുദാസ് നെടുമ്പക്കാരൻ 13
ഫാ. ടോണി വാഴപ്പിള്ളി 13
ഫാ. ലിബിൻ ചെമ്മണ്ണൂർ 13
ഫാ. ആന്റണി മേച്ചേരിപ്പിടി 13
ഫാ. ആന്റണി തേക്കാനത്ത് 13
ഫാ. ജിന്റോ കുറ്റിക്കാട്ട് 13
ഫാ. ആന്റണി ചെമ്പകശ്ശേരി 13
ഫാ. സാൽവിൻ കണ്ണനായ്ക്കൽ 13
ഫാ. ജിന്റോ പെരേപ്പാടൻ 13
ഫാ. ഫെക്സിൻ കൂത്തൂർ 13
ഫാ. അനീഷ് ചിറ്റിലപ്പിള്ളി 13
ഫാ. ഷിജോ മാപ്രാണത്തുക്കാരൻ 13
ഫാ. ഷാജു ഊക്കൻ 13
ഫാ. ഡിക്സൺ കൊളമ്പ്രത്ത് 13
ഫാ. ആന്റോ ചിരിയങ്കണ്ടത്ത് 13
ഫാ. ആന്റോ രായപ്പൻ 13
ഫാ. ആന്റണി ആലുക്ക 13
ഫാ. ആന്റോസ് എലുവത്തിങ്കൽ 13
ഫാ. ആന്റോ ചിറയത്ത് 13
ഫാ. പ്രിജോവ് വടക്കേത്തല 13
ഫാ. സോണി കിഴക്കൂടൻ 13
ഫാ. സനോജ് അറങ്ങാശ്ശേരി 13
ഫാ. ജോമോൻ മങ്ങാട്ടിലയൻ 13
ഫാ. റോജർ തരകൻ 13
ഫാ. സാജൻ മാറോക്കി 13
ഫാ. അജിത്ത് തച്ചോത്ത് 13
ഫാ. ജീസ് അക്കരപ്പട്ട്യേക്കൽ 13
ഫാ. ആൻസൺ നീലങ്കാവിൽ 13
ഫാ. ജോയ് ചിറ്റിലപ്പിള്ളി Jr. 13
ഫാ. സിജോ കാട്ടൂക്കാരൻ 13
ഫാ. ജോയ് കൊള്ളന്നൂർ 13
ഫാ. റോയ്സൺ കൊള്ളന്നൂർ 13
ഫാ. ഷിന്റോ പാറയിൽ 24
ഫാ. ലിവിൻ കുരുതുകുളങ്ങര 24
ഫാ. സാജൻ പിണ്ടിയാൻ 24
ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി 24
ഫാ. ജോൺ പുത്തൂർ 24
ഫാ. ജോൺസൻ ഒലക്കേങ്കിൽ 24
ഫാ. ഡെമിൻ തറയിൽ 24
ഫാ. ജോൺ പേരാമംഗലം 24
ഫാ. ജോൺ പാവറട്ടിക്കാരൻ 24
ഫാ. ഹാഡ്‌ലി നീലങ്കാവിൽ 24
ഫാ. നവീൻ മുരിങ്ങാത്തേരി 24
ഫാ. ടെഡ്സ് കുന്നപ്പിള്ളി 29
ഫാ. പോൾ താണിക്കൽ 29
ഫാ. ജോയ്സൻ കോരെത് 29
ഫാ. ജീൻ ചിറയത്ത് 29
ഫാ. ഷാന്റോ തലക്കോട്ടൂർ 29
ഫാ. പോൾ അറക്കൽ 29
ഫാ. പോൾ പയ്യപ്പിള്ളി 29

| | | | |
|---|---|---|---|
| ഫാ. പോൾ മുട്ടത്ത് | 29 | ഫാ. വിൽസൺ പിടിയത്ത് | 29 |
| ഫാ. പോൾ പിണ്ടിയാൻ | 29 | ഫാ. പോൾസൺ തട്ടിൽ | 29 |
| ഫാ. ബിനോയ് മഞ്ഞളി | 29 | ഫാ. സൈമൺ തേർമഠം | 29 |
| ഫാ. താഴത്ത് നിതിൻ | 29 | ഫാ. അൻവിൻ ചിറ്റിലപ്പിള്ളി | 29 |
| ഫാ. പോൾ പേരാമംഗലത്ത് | 29 | ഫാ. പോൾ കള്ളിക്കാടൻ | 29 |
| ഫാ. പോൾ തേക്കാനത്ത് | 29 | ഫാ. പോളി നീലങ്കാവിൽ | 29 |
| ഫാ. ജോമോൻ താണിക്കൽ | 29 | ഫാ. ജെൻസ് തട്ടിൽ | 29 |
| ഫാ. പോൾ കാട്ടൂക്കാരൻ | 29 | ഫാ. ഷിന്റോ മാറോക്കി | 29 |
| ഫാ. പോൾ ചാലിശ്ശേരി | 29 | ഫാ. സഞ്ജയ് തൈക്കാട്ടിൽ | 29 |
| ഫാ. പോൾ മാളിയമ്മാവ് | 29 | ഫാ. ഡഗ്ലസ് പീറ്റർ ചെറുവത്തൂർ | 29 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 29 | ഫാ. സിജോ പുത്തൂർ | 29 |
| ഫാ. ഫ്രജോ വാഴപ്പിള്ളി | 29 | ഫാ. സിബിൻ ഊക്കൻ | 29 |
| ഫാ. പോൾസൺ പാലത്തിങ്കൽ | 29 | ഫാ. ലിറിൽ തളിയപറമ്പിൽ | 29 |
| ഫാ. പോൾ പുളിക്കൻ | 29 | ഫാ. ജോമോൻ ഇമ്മട്ടി | 29 |




| | |
|---|---|
| ഫാ. പോൾ പുലിക്കോട്ടിൽ | 01.06.2021 |
| ഫാ. യോഹന്നാൻ വാഴപ്പിള്ളി | 06.06.1895 |
| ഫാ. അലക്സാണ്ടർ കൈയ്യാലകം | 07.06.1934 |
| ഫാ. പീറ്റർ ആളൂർ | 07.06.1990 |
| ഫാ. വർഗ്ഗീസ് പാറേക്കാട്ടിൽ | 08.06.1914 |
| ഫാ. ജോസഫ് വിതയത്തിൽ | 08.06.1964 |
| ഫാ. ആന്റണി തച്ചുപറമ്പിൽ | 09.06.1963 |
| ഫാ. ജോസ് കാച്ചപ്പിള്ളി | 09.06.2021 |
| ഫാ. സേവ്യർ പാണേങ്ങാടൻ | 12.06.2024 |
| മോൺ. എഫ്രേം പാലത്തിങ്കൽ | 14.06.1998 |
| ഫാ. ജോസഫ് കല്ലിങ്കൽ | 18.06.1971 |
| ഫാ. പോൾ ചാഴൂർ | 18.06.1993 |
| ഫാ. പോൾ മഞ്ഞളി | 20.06.1995 |
| ഫാ. ജോസഫ് പുല്ലോക്കാരൻ | 24.06.1952 |
| ഫാ. ജോൺ കുറ്റിക്കാട്ട് | 25.06.1983 |
| ഫാ. ഫ്രാൻസിസ് എളങ്കുന്നപ്പുഴ | 26.06.1953 |
| ഫാ. തോമസ് പാനികുളം | 26.06.1953 |
| ഫാ. പോൾ ചാലിശ്ശേരി | 26.06.1982 |
| ഫാ. അൽഫോൻസ് പുലിക്കോട്ടിൽ | 27.06.2011 |
| ഫാ. സിറിയക് മണ്ടുംപാല | 27.06.2014 |
| ഫാ. ജോർജ്ജ് ഊക്കൻ | 28.06.1945 |
| ഫാ. തോമസ് മാളിയേക്കൽ | 28.06.1978 |
| ഫാ. പോൾ വട്ടക്കുഴി | 30.06.2016 |

# ആദരാഞ്ജലികൾ



## റവ. ഫാ. പോൾ കാപ്പാനി (66)

ഏവർക്കും പ്രിയങ്കരനായി മറ്റുള്ളവർക്ക് വേണ്ടി ത്യാഗ പൂർവ്വം ജീവിതം സമർപ്പിച്ച തൃശ്ശൂർ അതിരൂപത വൈദികനായ ബഹു. ഫാ. പോൾ കാപ്പാനി 2026 മെയ് 1ന് വെള്ളിയാഴ്ച രാവിലെ 6:13ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മൃതസംസ്കാരം മെയ് 5 ചൊവ്വാഴ്ച്ച ഉച്ചകഴിഞ്ഞ് 2:30 ന് വരന്തരപ്പിള്ളി പള്ളിക്കുന്ന് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

വരന്തരപ്പിള്ളി പള്ളിക്കുന്ന് ഇടവകയിലെ കാപ്പാനി വറീത് - അന്നം ദമ്പതികളുടെ മകനായി 1960 ജനുവരി 22ന് അദ്ദേഹം ജനിച്ചു. 1985 ഡിസംബർ 30ന് മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. പാലയൂർ ഇടവകയിൽ സഹവികാരിയായി പൗരോഹിത്യശുശ്രൂഷ ആരംഭിച്ച അദ്ദേഹം പറപ്പൂർ, തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ എന്നിവിടങ്ങളിൽ സഹവികാരിയായും തൊയക്കാവ്, ബ്രഹ്മകുളം, വെട്ടുക്കാട്, തൈക്കാട്ടുശ്ശേരി, ചിറക്കൽ, ആറ്റത്ര എന്നീ ഇടവകകളിൽ വികാരിയായും കെ. സി. എസ്. എൽ. പ്രസ്ഥാനത്തിന്റെ ഡയറക്ടറായും സേവനം ചെയ്തു. മെത്രാപ്പോലീത്തൻ കോടതി നോട്ടറി, അൾത്താരസംഘം അസി. ഡയറക്ടർ, വൊക്കേഷൻ കമ്മീഷൻ അസി. പ്രൊമോട്ടർ എന്നിവയും അദ്ദേഹത്തിന്റെ സേവന രംഗങ്ങളായിരുന്നു. 2006 നവംബർ മുതൽ സെ. ജോസഫ്സ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

2026 മെയ് 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 6.30 ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിൽ തൃശൂർ സെ. ജോസഫ്സ് വൈദികമന്ദിരത്തിൽ ബഹു. പോൾ കാപ്പാനി അച്ചന്റെ ആത്മാനുകൂലാർത്ഥമുള്ള വി. കുർബാന അർപ്പിച്ചു. തുടർന്ന് രാവിലെ 8.30ന് ഭൗതികദേഹം പള്ളിക്കുന്ന് (വരന്തരപ്പിള്ളി) ഇടവകയിലുള്ള സഹോദരൻ തോമസ് കാപ്പാനിയുടെ വീട്ടിലേക്ക് കൊണ്ടുപോയി. 2026 മെയ് 5-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2:15 ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാര ശുശ്രൂഷകളുടെ ആദ്യഭാഗം വീട്ടിൽ നടത്തപ്പെട്ടു. തുടർന്ന് ഭൗതികശരീരം പള്ളിക്കുന്ന് അസംപ്ഷൻ ദൈവാലയത്തിലേക്ക് സംവഹിക്കുകയും കുർബാനയോടു കൂടിയുള്ള മൃതസംസ്ക്കാരശുശ്രൂഷയുടെ മറ്റു കർമ്മങ്ങൾ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിലും നടത്തപ്പെട്ടു.

ശുഭാപ്തിവിശ്വാസവും ആത്മബലവും കൈമുതലാക്കി, സ്വർഗ്ഗീയസമ്മാനത്തിനായി യാത്രയായ കാപ്പാനി ബഹു. പോൾ അച്ചന് തൃശ്ശൂർ അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനാഞ്ജലി!!!

**അവന്റെ സാക്ഷ്യം സ്വീകരിക്കുന്നവൻ ദൈവം സത്യവാനാണ് എന്നതിനു മുദ്രവയ്ക്കുന്നു.**

യോഹ. 3:33

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

### എഫ്.സി.സി

5-ാം തിയതി മുതൽ കൊന്നക്കുഴി അന്തോണിയാനം, തലശ്ശേരി പ്രൊവിൻഷ്യൽ ഹൗസ് എന്നിവിടങ്ങളിൽ നടന്ന 33 ദിവസത്തെ ധ്യാനത്തിൽ 35 സിസ്റ്റേഴ്സ് സംബന്ധിച്ചു. 5-9 വരെ തിയതികളിൽ തൃശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് നടന്ന പ്രൊവിൻഷ്യൽ പ്ലീനറി അസംബ്ലിയിൽ 122 സിസ്റ്റേഴ്സ് സംബന്ധിച്ചു. 6-ാം തീയതി തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽ റവ. ഫാ. ഫിജോ മേലിറ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച വാർഷികധ്യാനത്തിൽ 25 സിസ്റ്റേഴ്സ് സംബന്ധിച്ചു. 9-14 വരെ തീയതികളിൽ ഗുരുവായൂർ ലിസ്യു കോൺവെന്റിൽ റവ. ഫാ. ഡിക്സൺ BLM നയിച്ച വാർഷികധ്യാനത്തിൽ 40 സിസ്റ്റേഴ്സ് സംബന്ധിച്ചു. 10-ാം തീയതി വെങ്ങിണിശ്ശേരി അൽവേർണിയ കോൺവെന്റിൽ ജൂനിയർ സിസ്റ്റേഴ്സിന്റെ ഒരു മാസത്തെ റിഫ്രഷർ കോഴ്സ് ആരംഭിച്ചു. 12-17 വരെ തീയതികളിൽ തൃശൂർ എം ഐ കോൺവെന്റിൽവെച്ച് റവ ഫാ. ജിനു പുൽപറമ്പിൽ CMI നടത്തിയ വാർഷികധ്യാനത്തിൽ 40 സിസ്റ്റേഴ്സ് സംബന്ധിച്ചു. 12-20 വരെ തീയതികളിൽ തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽ വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ നേതൃത്വത്തിൽ വൊക്കേഷൻ ക്യാമ്പ് നടന്നു. 20-ാം തീയതി ആലപ്പുഴ ദനഹാലയയിൽ ആരംഭിച്ച 5 ദിവസത്തെ കോഴ്സിൽ ജൂനിയർ സിസ്റ്റേഴ്സും Young Senior സിസ്റ്റേഴ്സും സംബന്ധിച്ചു. 24-ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് നടന്ന ത്രിദിന Compassionate Communication Training Programme ൽ 56 സിസ്റ്റേഴ്സ് സംബന്ധിച്ചു. 26-29 വരെ പട്ടിക്കാട് ആത്മജ്യോതി ധ്യാനകേന്ദ്രത്തിൽവെച്ച് വചനാമൃത ടീമിന്റെ നേതൃത്വത്തിൽ നടത്തിയ ക്രിസ്റ്റീൻ ധ്യാനത്തിൽ 54 വിദ്യാർത്ഥികൾ പങ്കെടുത്തു.

## സി.എം.സി

ഏപ്രിൽ 6 മുതൽ 8 വരെ കുരിയച്ചിറ സെന്റ് പോൾസ് കോൺവെന്റ് സ്കൂളിൽ വെച്ച് നടത്തിയ ധ്യാനത്തിൽ 54 കുട്ടികൾ പങ്കെടുത്തു. ഏപ്രിൽ 11 ന് 16 ജൂനിയർ സിസ്റ്റേഴ്സും 30 ന് 8 ജൂനിയർ സിസ്റ്റേഴ്സും വിശുദ്ധ കുർബാന മദ്ധ്യേ ഒരു വർഷത്തേക്ക് കാനോനികവ്രതം എടുത്ത് തങ്ങളെതന്നെ സമർപ്പിച്ചു. ഏപ്രിൽ 12–ാം തിയ്യതി തൃശ്ശൂർ, ഇരിങ്ങാലക്കുട, പാലക്കാട്, കോയമ്പത്തൂർ എന്നീ പ്രോവിൻസുകളിലെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന 11 സിസ്റ്റേഴ്സ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വന്ന് ജൂബിലി ആഘോഷിക്കുകയുണ്ടായി . 14 ന് തൃശ്ശൂർ നിർമ്മല പ്രോവിൻസിലെ 3 സിസ്റ്റേഴ്സിന്റെ സുവർണ്ണജൂബിലി കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് ആഘോഷമായി നടത്തുകയും മാർ ആൻഡ്രൂസ് പിതാവ് ദിവ്യബലിയർപ്പിച്ച് ജൂബിലി സന്ദേശം നൽകുകയും ചെയ്തു. 16 ന് 1990–1995 Batch ലെ സിസ്റ്റേഴ്സിന്റെ gathering

മൂള്ളൂർക്കര കാർമ്മൽ മൗണ്ട് കോൺവെന്റിൽ വെച്ച് നടന്നു. ഏപ്രിൽ 21 ന് തൃശ്ശൂർ സെന്റ് ആൻസ് ഇടവകപള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴ്ത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ആഘോഷമായ ദിവ്യബലി മദ്ധ്യേ 7 അർത്ഥിനികൾ ആദ്യവ്രതവാഗ്ദാനവും സഭാവസ്ത്രസ്വീകരണവും നടത്തി. ഏപ്രിൽ 18 മുതൽ 22 വരെ പറപ്പൂർ സെന്റ് ജോൺ ഓഫ് ദ ബാപ്റ്റിസ്റ്റ് കോൺവെന്റിൽ വെച്ച് നടത്തിയ വൊക്കേഷൻ ക്യാമ്പിൽ 13 കുട്ടികൾ സംബന്ധിച്ചു. സി.എം.സി.യുടെ സഹസ്ഥാപകനായ വന്ദ്യ ലെയോപോൾദ് പിതാവിന്റെ ചരമദിനമായ ഏപ്രിൽ 22 ന് പിതാവിന്റെ അനുസ്മരണാർത്ഥം ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. 23 ന് ദൈവദാസി മദർ മേരി സെലിനാമ്മയുടെ 33–ാം ശ്രാദ്ധദിനത്തോടനുബന്ധിച്ച് കറുകുറ്റി തിരുഹൃദയമഠത്തിൽ വെച്ച് നടന്ന മദർ മേരി സെലിൻ വാരാചരണത്തിലും സി.എം.സി കുടുംബസംഗമത്തിലും 25 സിസ്റ്റേഴ്സ് പങ്കെടുത്തു. തൃശ്ശൂർ അതിരൂപതയുടെ മൈനർ സെമിനാരിയിൽ വെച്ച് നടന്ന തിരുബാല സഖ്യം സംഘടനയിലെ കുട്ടികൾക്ക് Sr. Mercy Paul ക്ലാസ്സെടുത്തു. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഫാ. ജിനു പുൽപ്പറമ്പിൽ CMI യുടെ നേതൃത്വത്തിൽ ഏപ്രിൽ 24 മുതൽ 30 വരെ നടന്ന വാർഷിക ധ്യാനത്തിൽ 65 സിസ്റ്റേഴ്സ് സംബന്ധിച്ചു.

## സി. എച്ച്. എഫ്.

10.04.2026 ന് തൃശൂർ അതിരൂപതയിലെ ഫാ. ഫ്രാൻസിസ് ആലപ്പാട്ടിന്റെ മൃതസംസ്കാരശുശ്രൂഷയിൽ നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിൽ പങ്കെടുത്തു. 12.04.2026 ൽ നവജ്യോതി

പ്രോവിൻസിൽ സിൽവർ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സ് FATRI യിൽ നടക്കുന്ന സി.എച്ച്.എഫ് ജനറൽ തലത്തിലുള്ള കോഴ്സിൽ സംബന്ധിക്കുന്നതിനായി പോയി. 17.04.2026 ന് വിശാഖപട്ടണം മിഷനിൽ സേവന മനുഷ്ഠിക്കുന്ന റവ. ഫാ. റോയ്സൺ നവജ്യോതി പ്രൊവിൻഷ്യലേറ്റ് സന്ദർശിച്ച് ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും സൗഹൃദം പങ്കിടുകയും ചെയ്തു. 18.04.2026 ൽ നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിൽ IFDFന്റെ നേതൃത്വത്തിൽ ചെങ്ങാലൂർ, ചിയ്യാരം ഇടവകകളിൽ ഹോം മിഷൻ നടത്തുന്ന സുപ്പീരിയേഴ്സിനെയും മറ്റു സിസ്റ്റേഴ്സിനെയും സന്ദർശിച്ചു. 27.04.2026 ന് സി.എച്ച്.എഫ് നവജ്യോതി പ്രൊ വിൻഷ്യലേറ്റിൽ റവ. ഫാ. മാനുവൽ വള്ളിപ്പാലം ഒ.സി.ഡി യുടെ നേതൃത്വത്തിൽ നവജ്യോതി പ്രോവിൻസിലെ സിസ്റ്റേഴ്സിനായി വാർഷിക ധ്യാനം നടത്തി. 01.05.2026 ന് സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസ് ഒളരിക്കര ഹോളിഫാമിലി ഭവനാംഗമായ സി. ആൻഡ്രൂസ് സി എച്ച് എഫ് (93) 01.05.2026 വെള്ളിയാഴ്ച രാവിലെ 07.00 മണിക്ക് നിര്യാതയായി. സംസ്കാരകർമ്മം തൃശ്ശൂർ അതിരൂപ ത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ 05.01.2026 ന് വൈകീട്ട് 4.30 ന് ഒളരിക്കര ഹോളിഫാമിലി കോൺവെന്റ് ചാപ്പലിൽ വെച്ച് നടത്തപ്പെട്ടു. 02.05.2026 ൽ സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിൽ ഈ വർഷം ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന്റെ ബാച്ച് ഗാതറിംങ്ങ് നടത്തുകയും ഗോൾഡൻ ജൂബിലി തിരി തെളിച്ച് ജൂബിലിവർഷം ആരംഭിക്കുകയും ചെയ്തു. 03.05.2026 ന് സി.എച്ച്. എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ റേമാ ധ്യാന ടീമും സി. ജൂലിയയും വ്യക്തിപര പ്രാർത്ഥനയെക്കുറിച്ച് സിസ്റ്റേഴ്സിന് ഒരു ദിവസത്തെ ക്ലാസ് നൽകി. 09.05.2026 ന് സി.എച്ച്.എഫ് ന വജ്യോതി പ്രോവിൻസിന്റെ ആദ്യത്തെ വിദേശ മിഷൻ പെറുവിലേക്ക് പോകുന്ന സി. ധന്യ, സി. ഗ്ലോറിയ ഡേവീസ്, സി. മരിയ റോസ് എന്നിവർ സി.എച്ച്.എഫ് മദർ ജനറലിനെയും തൃശ്ശൂർ അതിരൂപ തയിലെ അഭിവന്ദ്യ പിതാക്കന്മാരെയും സന്ദർശിച്ച് അനുഗ്രഹം സ്വീകരിച്ചു.

**സി.എസ്.എസ്.**

സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ഏപ്രിൽ 6 മുതൽ 8 വരെയുള്ള തിയതികളിൽ ബഹു. ഫാ. സജി തെക്കേ കൈതകാട്ട് സി.എം.ഐ.യുടെ നേതൃത്വത്തിൽ പെൺകുട്ടി കൾക്കായി ജീവിതദർശന ക്യാമ്പ് നടത്തുകയും 28 കുട്ടികൾ അതിൽ പങ്കെടുക്കുകയും ചെയ്തു. സ്നേഹോദയ പ്രൊവിൻഷ്യൽ

സുപ്പീരീയർ ബഹു. സിസ്റ്റർ റിറ്റ സി. എസ്. എസ് വെളയനാട് കോൺവെന്റിൽ കാനോനിക സന്ദർശനം നടത്തി. മാസാദ്യ ബുധനാഴ്ച്ച ദൈവവിളിദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ജാഗരണപ്രാർത്ഥനയും ആരാധനയും ബഹു. ഫാ. സജി തെക്കേകൈതകാട്ട്സി.എം.ഐ.യുടെനേതൃത്വത്തിൽനടത്തപ്പെട്ടു.ആദ്യവ്രതവാഗ്ദാനത്തിനായി ഒരുങ്ങുന്ന അർത്ഥിനികളെ തൃശ്ശൂർ അതിരൂപത സഹായമെത്രാൻ  മാർ ടോണി നീലങ്കാവിൽ പാതാവ് സന്ദർശിച്ചു. ഇറ്റാനഗർ രൂപതാ അദ്ധ്യക്ഷൻ മാർ ബെന്നി വർഗ്ഗീസ് എടതട്ടേൽ സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിക്കുകയും വിശുദ്ധ ബലി അർപ്പിക്കുകയും ചെയ്തു.

**എസ് .എ. ബി .എസ്**

ഏപ്രിൽ 6 ന്ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ജൂനിയേഴ്സിന്റെ കാനോനിക്കൽ വ്രത വാഗ്ദാനത്തിന് ഒരുക്കമായുള്ള പ്രയർ ഡേ നടത്തി. ഗോവയിലെ Institute of Mater Dei യിൽ April 8 മുതൽ May 8 വരെ നടത്തപ്പെട്ട Transformative Journey through the scriptures 1 month course സിസ്റ്റർ മരിയ ചിറയത്ത്, സിസ്റ്റർ ട്രിന്റി വാഴപ്പിള്ളി എന്നിവർ പങ്കെടുത്തു. 12ന് നിർമ്മൽ റാണി പ്രൊവിൻസിന്റെ രജത ജൂബിലി ഇടവക സമൂഹത്തോടൊപ്പം സമുചിതമായി നടത്തി.  ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ പി ഒ സിയിൽ 13–15 ദിവസങ്ങളിൽനടത്തപ്പെട്ട communion for sisters എന്ന gathering ൽ- Sr. Deepthi John ,  St. Rani Theresea സംബന്ധിച്ചു. 14 ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് Rev Fr Deepak Vattappalam MCBC -നേതൃത്വത്തിൽ വാർഷിക ധ്യാനം നടത്തപ്പെട്ടു. 23ന് തൃശൂർ അതിരൂപത അഡ്വക്കേറ്റ് ഫോറത്തിന്റെ  ആഭിമുഖ്യത്തിൽ Family Apostalate വെച്ച് നടത്തിയ FCRA Amendment Panal discussion നിൽ Sr Fiji Therese Pullokkaran പങ്കെടുത്തു. 25ന് ഇയ്യാൽ നിർമ്മല മാതാ സ്കൂളിന്റെയും കോൺവെന്റിന്റെയും രജത ജൂബിലി സമാപനം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ കൃതജ്ഞത ബലിയോടെ നടത്തപ്പെട്ടു.

**സി.എസ്.എസ്.**

നിത്യവ്രതാർപ്പണത്തിനു ഒരുക്കമായി ജൂനിയർ സിസ്റ്റേഴ്സ് മാർച്ച് 31 ന് തൃശ്ശൂർ അതിരൂപത കാര്യാലയത്തിൽ പോവുകയും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ സന്ദർശിച്ച് ആശിർവാദം സ്വീകരിക്കുകയും ചെയ്തു. ഏപ്രിൽ 13 മുതൽ 18 വരെ തൊട്ടുവ നവജീവൻ ധ്യാന സെന്ററിൽ  ധ്യാനത്തിൽ പങ്കെടുത്തു. ഏപ്രിൽ 22–ാം തീയതി മരിയ ഭവൻ ജനറലേറ്റ് കപ്പേളയിൽ വച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ

കാർമികത്വത്തിൽ നടന്ന ദിവ്യബലി മധ്യേ 10 ജൂനിയർ സിസ്റ്റേഴ്സ് നിത്യവ്രതാർപ്പണം നടത്തി.

മതബോധന അധ്യാപകർ, ചിൽഡ്രൻസ് മിനിസ്ട്രി, യൂത്ത് മിനിസ്ട്രി, ജീസസ് യൂത്ത് എന്നി മേഖലയിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിനായി, രണ്ടുദിവസത്തെ "Spirit Wave 2K26" പ്രോഗ്രാം നടത്തി ബഹു. ഫാ. ജിസോ കുറ്റിക്കാട്ട്, ബഹു. ഫാ. ജോവിൽ വടക്കേൽ, ബഹു. ഫാ. ജിൽറ്റോ CMI എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

പരിശീലനത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ ആയിരിക്കുന്ന അർത്ഥിനികൾക്കായി അഞ്ചുദിവസത്തെ വചനോപാസന ധ്യാനം മരിയ ഭവൻ ജനറലേറ്റിൽ വച്ച് നടത്തി. SMRC യുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ഏപ്രിൽ 26 ന് മരിയ ഭവൻ ജനറലേറ്റിൽ വച്ച് നടത്തി. 2026 ഏപ്രിൽ 10–12 വരെ 1987– 1999 ബാച്ചുകളിലെ സിസ്റ്റേഴ്സിനും, ഏപ്രിൽ 27,28 തീയതികളിൽ 2000–2003 ബാച്ചുകളിലെ സിസ്റ്റേഴ്സിനുമായി ഇരിങ്ങാലക്കുട കല്ലേറ്റുംകര പാക്സ് സെന്ററിൽ വച്ച് ഗാതറിങ് സംഘടിപ്പിച്ചു. 19-04-26 ന് പ്രവിശ്യയിലെ ജൂനിയർ സിസ്റ്റേഴ്സ് ഒരു വർഷത്തേക്ക് വ്രത വാഗ്ദാനം നടത്തി. 2026 ഏപ്രിൽ 22 ന് നിത്യവ്രത വാഗ്ദാനം നടത്തിയ ബഹു. സിസ്റ്റേഴ്സിന് പ്രൊവിൻഷ്യൽ ഹൗസിൽ ഹൃദ്യമായ വരവേൽപ്പും ആശംസകളും നൽകി സ്വീകരിച്ചു. csc സഹയാത്ര സന്ദർശിച്ച സ്ഥലങ്ങൾ പല്ലിശ്ശേരി, കൂർക്കഞ്ചേരി, കണ്ണംകുളങ്ങര, കൊക്കാല.

**സി.എസ്.എം.**

ഏപ്രിൽ നാലിന് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന വൊക്കേഷൻ പ്രോമോട്ടേഴ്സ് മീറ്റിങ്ങിൽ സിസ്റ്റർ മെറിൻ ആന്റോ പങ്കെടുത്തു. ഏപ്രിൽ 4 ന് വരാക്കര ചെറുസൂനം കോൺവെന്റിന്റെ ഗോൾഡൻ ജൂബിലി സമാപനത്തിൽ അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ ദിവ്യബലിയർപ്പിച്ചു. 8–ാം തിയതി പൊന്നുക്കര അസംപ്ഷൻ കോൺവെന്റ് ഭവനാംഗമായ ബഹു ഔറേലിയാമ്മ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു. സിൽവർ ജൂബിലേറിയൻസായ 8 ബഹു. സിസ്റ്റേഴ്സ് ഏപ്രിൽ 10 മുതൽ മെയ് 3 വരെ മൂന്നാർ ഇക്കോ സ്പിരിച്ച്വാലിറ്റി സെന്ററിലും, ഗോൾഡൻ ജൂബിലേറിയൻസായ 4 ബഹു. സിസ്റ്റേഴ്സ് ഏപ്രിൽ 17 മുതൽ 30 വരെ പരിയാരം CSR ലും ജൂബിലി കോഴ്സിൽ പങ്കെടുത്തു. 18 മുതൽ 23 വരെ പൊന്നുക്കര അസംപ

്ഷൻ കോൺവെന്റിൽ വച്ച് ആദ്യ ബാച്ച് വാർഷിക ധ്യാനം ലാസെലെറ്റ് കോൺഗ്രിഗേഷനിലെ ബഹു. ഫാ. ജെൻസൻ നയിച്ചു. 24 ന് കാക്കനാട് സെന്റ് മൗണ്ടിൽ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ സപ്തതിയാഘോഷത്തിൽ സുപ്പീരിയർ ജനറൽ ബഹു. സി. ബിയാട്രിസ് പങ്കെടുത്തു. 24 ന് തൃശൂർ ഫാമിലി അപ്പസ്തൊലേറ്റ് സെന്ററിൽ സംഘടിപ്പിച്ച FCRA Bill ചർച്ചാ സമ്മേളനത്തിൽ സുപ്പീരിയർ ജനറൽ ബഹുസി. ബിയാട്രിസ്, പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസിൻ ജോസും സംബന്ധിച്ചു. 28, 29, 30, തിയതികളിൽ യുവ സിസ്റ്റേഴ്സിന്റെ ആത്മീയ സംഗമം ലൂർദ്നാഥാ പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. 30–ാം തിയതി ജൂനിയർ സിസ്റ്റേഴ്സ് വ്രതം നവീകരിച്ചു

## ആദരാഞ്ജലികൾ



24.04.2026 വെങ്ങിണിശ്ശേരി പെർപെച്ചൽ ഹെൽപ് ഭവനാംഗമായ സി. എൽസി ജോസിറ്റ 2026 ഏപ്രിൽ 24–ാം തീയതി വൈകീട്ട് 6.45 ന് നിര്യാതയായി. 25–ാം തീയതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 4.15 ന് തൃശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ വെങ്ങിണിശ്ശേരി പെർപെച്ചൽ ഹെൽപ് കോൺവെന്റ് ചാപ്പലിൽ മൃത സംസ്കാര ശുശ്രൂഷ നടത്തപ്പെട്ടു.



03/04/2026. ഒല്ലൂർ ലേഡി ഫാറ്റിമ മഠാംഗമായ സി. സൂസോ സി.എം.സി. ദുഃഖ വെള്ളിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴ്ത്ത് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ ഫാറ്റിമ മഠത്തിൽ വെച്ച് മൃത സംസ്കാര ശുശ്രൂഷ നടത്തപ്പെട്ടു.



നവജ്യോതി പ്രോവിൻസ് ഒളരിക്കര ഹോളിഫാമിലി ഭവനാംഗമായ സി. ആൻഡ്രൂസ് സിഎച്ച്എഫ് (93) 01.05. 2026 വെള്ളിയാഴ്ച രാവിലെ 07.00 മണിക്ക് നിര്യാതയായി. സംസ്കാരകർമ്മം തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ. ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ 05.01.2026 ന് വൈകീട്ട് 4.30 ന് ഒളരിക്കര ഹോളിഫാമിലി കോൺവെന്റ് ചാപ്പലിൽ വെച്ച് നടത്തപ്പെട്ടു.



സി. എസ്. എസ് സ്നേഹോദയ പ്രൊവിൻസിലെ അംഗമായ റവ. സി. ഡയനീഷ്യ പാറയ്ക്കൽ 29.04.2026 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. രാമനാഥപുരം രൂപതാധ്യക്ഷൻ മാർ പോൾ ആലപ്പാട്ടിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാരം നടത്തി.



കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിലെ അംഗമായ സി. ഫീലിയ CSC, 28.04.2026 ചൊവ്വാഴ്ച രാവിലെ 8.30 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത വികാരി ജനറൽ മോൺ. ജെയ്സൺ കൂനംപ്ലാക്കലിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു.

**ഫാ. സിജോ**
**പൈനാടത്ത് OFM.Cap**
പ്രസിഡണ്ട്

**സി. ജോളി**
**ചിറ്റിലപ്പിള്ളി FCC**
സെക്രട്ടറി

# സെന്റ് മേരീസ് മൈനർ സെമിനാരി

**വൈദികവസ്ത്ര സ്വീകരണം**

നമ്മുടെ അതിരൂപതയിലെ 10 വൈദികവിദ്യാർഥികൾ മെയ് 9, ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30ന് പറപ്പൂർ സെൻറ് ജോൺ നെപും സ്യാൻ ഫൊറോന പള്ളിയിൽ വൈദികവസ്ത്രം സ്വീകരിച്ചിരിക്കുന്നു. എല്ലാ വൈദികവിദ്യാർഥികൾക്കും വേണ്ടി പ്രാർഥിക്കുമല്ലോ.

**മേജർ സെമിനാരിക്കാരുടെ സമ്മേളനം**

2026 മെയ് 12 മുതൽ 14 വരെയുള്ള തിയതികളിൽ മേജർ സെമി നാരിക്കാരുടെ സമ്മേളനം തൃശ്ശൂർ മൈനർ സെമിനാരിയിൽ വെച്ച് നടത്തപ്പെട്ടു.

**അവധിക്കാലം സമാപനം**

2026 മെയ് 17 ന് അവധിക്കാലം സമാപിച്ചു; വൈദികവിദ്യാർഥികൾ മൈനർ സെമിനാരിയിലേക്ക് തിരിച്ചെത്തി. 19 ന് രണ്ടും മൂന്നും വർഷക്കാർക്ക് ക്ലാസുകൾ ആരംഭിച്ചു.

മേയ് 31 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 ന് നവാഗതരായ സെമി നാരിക്കാർക്ക് സസന്തോഷം സ്വാഗതം നൽകി.

**ഫാ. ജോയ് പുത്തൂർ**

റെക്ടർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയുടെ പ്രിയ കുഞ്ഞുമക്കളെ,

എല്ലാവർക്കും സുഖമല്ലേ? വെക്കേഷൻ കഴിയുന്നതിന്റെ പരിഭവത്തിലായിരിക്കും നിങ്ങളിൽ പലരും എന്ന് എനിക്കറിയാം. എങ്കിലും പുത്തൻ യൂണിഫോം ഇട്ട് പുതിയ പുസ്തകങ്ങളുമായി പുതിയ ഒരു അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. ആദ്യമേ തന്നെ എല്ലാവർക്കും എല്ലാ ഭാവുകങ്ങളും നേരുന്ന

തോടൊപ്പം നല്ല ഒരു വ്യക്തിത്വ രൂപീകരണം നിങ്ങളിൽ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വിദ്യാധനം സർവധനാൽ പ്രധാനം എന്ന് നാം കേട്ടിട്ടുണ്ടല്ലോ. യഥാർത്ഥ ജ്ഞാനം സ്വന്തമാക്കി അതിനനുസരിച്ചു നമ്മുടെ ഹൃദയവും മനസ്സും ബുദ്ധിയും വർധിപ്പിക്കുമ്പോഴാണ് ഒരു യഥാർത്ഥ മനുഷ്യൻ രൂപപ്പെടുന്നത്. അങ്ങനെ ഒരു മനുഷ്യൻ രൂപം പ്രാപി ക്കുമ്പോഴാണ് നമ്മുടെ സമൂഹവും ഒരു മാതൃക സമൂഹമായി തീരുന്നതും. അതുകൊണ്ട് നമ്മുടെ പഠനങ്ങളും പ്രവർത്തികളും യഥാർത്ഥ ജ്ഞാനത്തിൽ അടിയുറച്ചതാക്കാൻ നമുക്ക് ഈ അധ്യയന വർഷത്തിൽ ആത്മാർത്ഥമായി പരിശ്രമിക്കാം. പഠനങ്ങളും പ്രവർ ത്തികളും എക്സ്ട്രാ കരിക്കുലർ പ്രവർത്തനങ്ങളും ഈ ജ്ഞാനം ലക്ഷ്യം വച്ചുകൊണ്ടായിരിക്കണം.

വിദ്യയെന്നത് വെറും അറിവ് നേടുക മാത്രമല്ല, മറിച്ച് ജ്ഞാന വും വിവേചനാശക്തിയും നേടുന്നതാകണം. ലോകത്തെ ശരിയായ രീതിയിൽ മനസ്സിലാക്കാനും നന്മതിന്മകളെ തിരിച്ചറിയാനും നമുക്ക് 'ജ്ഞാനം' ആവശ്യമാണ്. അത് നമ്മുടെ ജീവിതത്തെ അർത്ഥവത്താക്കുന്നു. 'ജ്ഞാനം സമ്പാദിക്കുകയാണ് സർവ പ്ര ധാനം. എന്ത് ത്യജിച്ചും ജ്ഞാനം സമ്പാദിക്കുക' (സുഭാഷിതങ്ങൾ 4:7).ഒരു വ്യക്തിക്ക് യഥാർത്ഥ ജ്ഞാനം സംലഭ്യമാകുക അത് സൃഷ്ടിച്ച യഥാർത്ഥ ജ്ഞാനത്തോട് (ദൈവം) ചേർന്നു നിൽക്കുമ്പോഴാണ്. ദൈവസ്നേഹത്തിൽ ആയിരിക്കുക എന്നതാണ് ജ്ഞാനം സിദ്ധിക്കാനുള്ള ഏറ്റവും നല്ല ഉപാധിയായി നാം മന സിലാക്കേണ്ടത്. ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടെന്ന് ജ്ഞാനം നൽകുന്നു. ദൈവത്തോടുള്ള ഭക്തിയിൽ നിന്നാണ് യഥാർത്ഥ ജ്ഞാനം ഉദിക്കുന്നത്. ദൈവത്തെ സ്നേഹിക്കുന്ന ഒരു കുട്ടിക്ക് അവിടുത്തെ സൃഷ്ടികളെയും സ്നേഹിക്കാൻ സാധിക്കും. ദൈവഭയം എന്നാൽ ഭയമല്ല, മറിച്ച് ദൈവത്തോട് പുലർത്തുന്ന ആഴമായ ബഹുമാനവും സ്നേഹവുമാണ്. 'ദൈവഭയമാണ് ജ്ഞാനത്തിന്റെ ആരംഭം; പരിശുദ്ധനെ അറിയുന്നതാണ് വിവേകം' (സുഭാഷിതങ്ങൾ 9:10) എന്ന് നമുക്ക് മറക്കാതിരിക്കാം.

വിദ്യാഭ്യാസം ആഭാസത്തിനുള്ള വേദികളാക്കി മാറ്റപ്പെടുകുയും അല്ലെങ്കിൽ അത്തരത്തിൽ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന പ്ര വർത്തികൾക്ക് വിധേയപ്പെട്ട ഈ കാലഘട്ടത്തിൽ നല്ല വ്യക്തിത്വ രൂപീകരണത്തിലൂടെ സാമൂഹിക പ്രതിബദ്ധതയുള്ള നല്ല മക്കളായി വളരാൻ ഈ അധ്യയന വർഷത്തിൽ പരിശ്രമിക്കണം.

വിദ്യാഭ്യാസം നമ്മെ ഒരിക്കലും സ്വാർത്ഥരാക്കരുത്. മറിച്ച്, മറ്റുള്ളവർക്ക് ഗുണകരമാകുന്ന ഒരു വ്യക്തിത്വത്തിന് ഉടമകളാകാൻ

നാം പരിശ്രമിക്കണം. നീതിയും കരുണയും നിറഞ്ഞ ഒരു ഹൃദയം രൂപപ്പെടുത്തിയെടുക്കുന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വചനം നമ്മെ ഓർമിപ്പിക്കുന്നതുപോലെ, 'അപ്രകാരം മനുഷ്യർ നിങ്ങളുടെ സദ്പ്രവർത്തികൾ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ' (മത്തായി 5:16). അങ്ങനെയാണെങ്കിൽ, പഠനം ഒരു തപസ്യയാണ്. ആത്മാർത്ഥമായ അധ്വാനത്തിലൂടെ മാത്രമേ നമുക്ക് ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കൂ. പഠനത്തിനായി സമയം കണ്ടെത്തുന്നതും വിദ്യാലയത്തിലെ ചിട്ടകൾ പാലിക്കുന്നതും നിങ്ങളെ ഉത്തമ പൗരന്മാരായി മാറ്റും. ദൈവത്തിന്റെയും മനുഷ്യരുടെയും മുന്നിൽ പ്രീതി പാത്രങ്ങളായി നിങ്ങൾ മാറും എന്നത് തീർച്ചയാണ്. അതുകൊണ്ട് കൂടുതൽ തീക്ഷ്ണതയോടെയും ആത്മാർത്ഥതയോടെയും അധ്വാനിക്കാം. 'സ്ഥിരോത്സാഹിയുടെ കരം ഭരണം നടത്തും; അലസന്മാർ അടിമവേല ചെയ്യാൻ നിർബന്ധിക്കപ്പെടും' (സുഭാഷിതങ്ങൾ 12:24). സത്യസന്ധമായ പ്രവർത്തികൾക്ക് വിധേയരായി ദൈവത്തിന് പ്രിയപ്പെട്ട മക്കളായി സാമൂഹിക ധാർമിക മൂല്യങ്ങൾ കാത്തു പരിപാലിക്കുന്ന നല്ല മക്കളായി രൂപാന്തരപ്പെടാം. സ്കൂളുകൾ കേവലം അക്ഷരങ്ങൾ പഠിക്കാനുള്ള ഇടമല്ല, മറിച്ച് സഹാനുഭൂതി, പരസ്പര ബഹുമാനം, സത്യസന്ധത തുടങ്ങിയ മൂല്യങ്ങൾ വളർത്തേണ്ട ഇടമാണ്. ഭിന്നതകളില്ലാതെ എല്ലാവരെയും സഹോദരങ്ങളായി കാണാൻ നമുക്ക് സാധിക്കണം. 'സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും' (മത്തായി 5:9) എന്ന വചനം നമുക്കു ഓർക്കാം.

സ്കൂൾ അങ്കണങ്ങളിൽ വിശുദ്ധിയും വിശ്വസ്തതയും പുലർത്താൻ നിങ്ങൾ ശ്രദ്ധിക്കണം. ചീത്ത കൂട്ടുകെട്ടുകളിൽ നിന്നും അധാർമ്മികമായ പ്രവണതകളിൽ നിന്നും ഒഴിഞ്ഞുമാറി പ്രകാശത്തിന്റെ മക്കളായി വളരാൻ നിങ്ങൾക്ക് സാധിക്കട്ടെ. 'തിന്മയെ വെറുക്കുവിൻ; നന്മയെ മുറുകെപ്പിടിക്കുവിൻ' (റോമാ 12:9) എന്ന വചനത്തിന്റെ ശക്തി ഓരോരുത്തരിലും പ്രകടമാകാൻ നമുക്കു പ്രാർത്ഥിക്കാം. നിങ്ങളുടെ മാതാപിതാക്കളെയും അധ്യാപകരെയും ബഹുമാനിച്ചുകൊണ്ട്, വിനയമുള്ള ഹൃദയത്തോടെ അറിവിന്റെ ലോകത്തേക്ക് യാത്ര ചെയ്യുക. ഈ പുതിയ ഈ അധ്യയന വർഷത്തിൽ ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് എല്ലാവർക്കും വിജയകരമായ ഒരു വർഷം ആശംസിക്കുന്നു.

സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലന കേന്ദ്രം 2026 ജൂൺ

### I. ഞായറാഴ്ച വിശ്വാസപരിശീലന വാർത്തകൾ

**1. വിശ്വാസപരിശീലന വർഷം 2026-2027**

എല്ലാവർക്കും പുതിയ അധ്യയന വർഷത്തിന്റെ ആശംസകൾ! യേശുവിന്റെ നാമത്തിൽ അവിടുത്തെ പരിശുദ്ധാത്മാവിൽ ആശ്രയിച്ച് പരിശുദ്ധ അമ്മയുടെ മാതൃസംരക്ഷണം അപേക്ഷിച്ച് നമുക്ക് പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കാം. ഈ അധ്യയന വർഷത്തിൽ പുതുതായി വിശ്വാസപരിശീലനത്തിലേക്ക് വരുന്ന വിദ്യാർത്ഥികളേയും അധ്യാപകരേയും പ്രത്യേകമായി സ്വാഗതം ചെയ്യുന്നു.

**2. അഭിനന്ദനങ്ങൾ**

സീറോ മലബാർ സഭാ ആസ്ഥാനത്ത് നടന്ന 7-ാം ക്ലാസ്സ് വിദ്യാർത്ഥികളിൽ നിന്നുമുള്ള പ്രതിഭകൾക്കായുള്ള മത്സരത്തിൽ (സീറോ മലബാർ സഭയുടെ വിവിധ രൂപതകളിൽ നിന്നും 64 പേർ പങ്കെടുത്ത മത്സരത്തിൽ നിന്നും 10 പ്രതിഭകളെ തിരഞ്ഞെടുത്തു) തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള ക്രിസാന്റോ ലെസ്‌ലി (സെന്റ് ജോസഫ്സ് ചർച്ച്, അവിണിശ്ശേരി) പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും സ്നേഹപൂർവ്വം നേരുന്നു.

പന്ത്രണ്ടാം ക്ലാസ്സ് പുനർമൂല്യനിർണ്ണയത്തിൽ പാലയൂർ ഇടവകയിൽ നിന്നുള്ള അന്നാ മേരി ചെമ്മണ്ണൂർ 12-ാം റാങ്കിനും ചിറ്റിലപ്പിള്ളി ഇടവകയിൽ നിന്നുള്ള ആൻമേരി സി. വില്ല്യംസ് 13-ാം റാങ്കിനും അർഹയായി.

ചിറ്റാട്ടുകര ഇടവകയിൽ നിന്നുള്ള അയ്റിൻ പി. വി. ACC പുനർമൂല്യ നിർണ്ണയത്തിൽ 12-ാം റാങ്കിന് അർഹയായി.

മൂന്നു വിദ്യാർത്ഥികൾക്കും തൃശ്ശൂർ അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും സ്നേഹപൂർവ്വം നേരുന്നു



ക്രിസാന്റോ ലെസ്‌ലി,
അവിണിശ്ശേരി

**3. വിശ്വാസപരിശീലകർക്കുള്ള സംവാദസദസ്സ്**

വിശ്വാസപരിശീലകരുടെ സംവാദസദസ്സ് വിവിധ ഇടവകകളിൽ നടന്നു കൊണ്ടിരിക്കുന്നു. മെയ് 22-ാം തിയതിയോടുകൂടി ഇപ്പോൾ ക്രമീകരിച്ചിരിക്കുന്ന സംവാദസദസ്സ് പൂർത്തിയാവുകയാണ്. ഇനിയും നടക്കാത്ത യൂണിറ്റുകളിൽ ഒരു ദിവസം ക്രമീകരിച്ച് നടത്താവുന്നതാണ്.

ഡയറക്ടർ, അസി. ഡയറക്ടർ സന്ദർശിച്ച (2026 ഏപ്രിൽ16 മുതൽ മെയ് 15 വരെ) യൂണിറ്റുകൾ: മണ്ണുത്തി, മരിയാപുരം, മുക്കാട്ടുകര, മുല്ലക്കര, നടത്തറ, നെല്ലങ്കര, നെല്ലിക്കുന്ന്, പൊങ്ങണംകാട്, പുല്ലംകണ്ടം, പൂങ്കുന്നം, തൃശ്ശൂർ ലൂർദ്ദ്, വിജയപുരം, വില്ലടം, മഡോണ നഗർ, കുറുമാൽ, കുട്ടംകുളം, പാറന്നൂർ, പഴയങ്ങാടി, തലക്കോട്ടുകര, തണ്ടിലം, തങ്ങാലൂർ, വെള്ളാറ്റഞ്ഞൂർ, വേലൂർ, കരുമത്ര, കുമ്പളങ്ങാട്, കോലഴി, അത്താണി. നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും നന്ദി.

**II.പൊതുഅറിയിപ്പുകൾ**

**1.പുതിയ വിശ്വാസപരിശീലന വർഷം**

പുതിയ വിശ്വാസപരിശീലന വർഷം, 2026 മെയ് 31ന് അതിരൂപത തലത്തിലും (3. 30 PM ഡിബിസിഎൽസി) ജൂൺ 7 ന് യൂണിറ്റ് തലത്തിലും ഉത്ഘാടനം ചെയ്യേണ്ടതാണ്. അതിനായി വാർഷിക പ്രോഗ്രാമിൽ നല്കിയിരിക്കുന്ന ക്രമം ഉപയോഗിക്കുക. അന്നു തന്നെ പുതിയ വിദ്യാർഥികളെ സ്വാഗതം ചെയ്യുന്ന പ്രവേശനോത്സവവും നടത്തുമല്ലോ.

**2. ആരാധന ഇടവകതലത്തിൽ - ജൂൺ 6 ശനി**

വിശ്വാസപരിശീലന വർഷാരംഭത്തോടനുബന്ധിച്ചുള്ള ആരാധന ഇടവകതലത്തിൽ നടത്തുക

**3.ഒന്നര മണിക്കൂർ വിശ്വാസപരിശീലനം ക്ലാസുകളിൽ**

എല്ലാ ഞായറാഴ്ച്ചയും ഒന്നര മണിക്കൂർ സമയമെങ്കിലും ക്ലാസുകളിൽ വിശ്വാസപരിശീലനത്തിന് ലഭിക്കേണ്ടതുണ്ട്. അസംബ്ലി 10 മിനിറ്റിനുള്ളിൽ അവസാനിപ്പിക്കാൻ ശ്രദ്ധിക്കുക. വാർഷിക പ്രോഗ്രാമിൽ അസംബ്ലിയുടെ ക്രമവും കാര്യപരിപാടിയും നൽകിയിട്ടുണ്ട്. അതനുസരിച്ച് ക്രമീകരിച്ചാൽ സമയദൈർഘ്യം ഒഴിവാക്കാവുന്നതാണ്. മറ്റു പരിപാടികൾ, പ്രവർത്തനങ്ങൾ എന്നിവ അസംബ്ലി സമയം ഒഴിവാക്കുക.

**4. ആഘോഷങ്ങൾ ക്ലാസ് സമയത്ത് പാടുള്ളതല്ല**

ക്ലാസ് സമയം നഷ്ടപ്പെടുത്തിക്കൊണ്ട് ആഘോഷപരിപാടികളും (ഓണം, ക്രിസ്തുമസ്, തുടങ്ങിയവ) മത്സര-കലാപരിശീലനങ്ങളും നടത്തരുതെന്ന്, അഭിവന്ദ്യ പിതാക്കൻമാരുടെ നിർദ്ദേശപ്രകാരം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. അതിരൂപത വിശ്വാസപരിശീലന മാർഗ്ഗരേഖയും അതുതന്നെയാണ് ആവശ്യപ്പെടുന്നത്. ഇവക്ക് ഉചിതമായ മറ്റൊരു സമയം കണ്ടെത്താൻ പരിശ്രമിക്കുമല്ലോ.

**5. പ്രാദേശിക അവധി**

ഏതെങ്കിലും ഇടവകയുടെ പ്രത്യേകമായ അജപാലന സാഹചര്യത്തിൽ അവിടുത്തെ യൂണിറ്റിനുമാത്രം നല്കപ്പെടുന്നതാണ് പ്രാദേശിക അവധി. ഇത് ബഹു. യൂണിറ്റ് ഡയറക്ടറാണ് നിശ്ചയിക്കുന്നത്. പരമാവധി 2 പ്രാദേശിക അവധികൾ അത്യാവശ്യമെങ്കിൽ മാത്രം നൽകുക. നിസ്സാരകാരണങ്ങൾക്ക് അവധി നൽകി ക്ലാസ്സുകൾ മുടങ്ങാൻ ഇടയാകരുത്.

**6. അധ്യാപക രക്ഷാകർതൃസമിതി**യുടെ ജനറൽ ബോഡി ഇടവകതലത്തിൽ ജൂൺമാസത്തിൽ കൂടേണ്ടതാണ്.

III. **വിശ്വാസപരിശീലകർക്കുള്ള കോഴ്സുകളും സെമിനാറുകളും**

**1. വിശ്വാസപരിശീലകർക്ക് ഏകദിന സെമിനാറുകൾ**

| | |
|---|---|
| ജൂൺ 28 | : എ. സി. സി. |
| ജൂലായ് 5 | : 12-ാം ക്ലാസ്സ് |
| ജൂലായ് 11 | : 11-ാം ക്ലാസ്സ് |
| ജൂലായ് 19 | : 9-ാം ക്ലാസ്സ് |
| ജൂലായ് 26 | : 7-ാം ക്ലാസ്സ് |

(9.30 AM - 04.30 PM; ഡി. ബി. സി. എൽ. സി.)

മേൽപറഞ്ഞ ക്ലാസ്സുകളിലെ വിശ്വാസപരിശീലകർ അവർക്ക് നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ സെമിനാറിൽ മുഴുവൻ സമയവും പങ്കെടുക്കേണ്ടതാണ്.

**2. ആനിമേറ്റേഴ്സ് കോഴ്സ് – ജൂൺ 14 ഞായർ**

സ്പിരിചൽ മിനിസ്ട്രി, ടാലന്റ് മിനിസ്ട്രി, സോഷ്യൽ മിനിസ്ട്രി എന്നീ ആനിമേറ്റേഴ്സിനുള്ള കോഴ്സ് ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തുന്നു. 9.30 AM - 04.00 PM വരെ; യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ആനിമേറ്റർമാരെ സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്യുകയും കോഴ്സിൽ പങ്കെടുപ്പിക്കുകയും ചെയ്യേണ്ടതാണ്.

**3. നവാധ്യാപകർക്കുള്ള കോഴ്സ്**

വിശ്വാസപരിശീലകരായി പുതിയതായി ചേരുന്ന യുവജനങ്ങൾക്ക് (അവിവാഹിതർ) വേണ്ടിയുള്ള കോഴ്സാണിത്. ജൂലൈ 10–12 ആഗസ്റ്റ് 21–23 എന്നീ തിയതികളിൽ രണ്ട് ബാച്ചുകളിലായി ഡി.ബി. സി.എൽ.സി.യിൽ വെച്ച് നടക്കുന്നു. ഓരോ ബാച്ചിലും പൂർണ്ണമായി പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നു. ഈ കോഴ്സിൽ പങ്കെടുക്കുന്നവർ 10 വർഷത്തിനുള്ളിൽ ബേസിക് സിടിസി കോഴ്സിൽ പങ്കെടുത്താൽ മതിയാകും. രജിസ്ട്രേഷൻ ഫീസ് 400 രൂപ. വിശ്വാസപരിശീലനമെന്ന അതീവ പ്രാധാന്യമുള്ള ശുശ്രൂഷയിലേക്ക് ആദ്യമായി കടന്നു വരുന്ന എല്ലാ നവാധ്യാപ കർക്കും ഇത് നിർബന്ധമാണ്. ജൂൺ മാസത്തിൽ തന്നെ എല്ലാ നവാധ്യാപകരുടേയും പേരുകൾ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**4. യൂണിറ്റ് സന്ദർശനം പ്രാരംഭ മീറ്റിംഗ്– ജൂൺ 28**

02.00 AM - 04.00 PM; ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തുന്നു. വിശ്വാസപരിശീലന യൂണിറ്റുകളിലേക്ക് സന്ദർശനത്തിന് പോകുവാനായി യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട എല്ലാവരും ഈ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. സോഫ്റ്റ്‌വെയറിൽ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

IV. **വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കുള്ള പരിപാടികൾ**

1. 7, 12 ക്ലാസ്സുകളിലെ സമഗ്രപ്രതിഭകളെ കണ്ടെത്തുന്നതിനുള്ള പ്രാഥമിക പരീക്ഷ – ജൂൺ 21 ന് ഇടവകകളിൽ നടക്കുന്നു.
2. ക്രിസ്ഫോം – പ്ലസ്ടു, എ. സി. സി. വിദ്യാർത്ഥികൾക്ക്

   ബാച്ച് 1 – ജൂലായ് 3–5 ചേലക്കര, തൃശ്ശൂർ ഡോളേഴ്സ് ഫൊറോന കൾ

   ബാച്ച് 2 – ജൂലായ് 17–19 എരുമപ്പെട്ടി, കണ്ടശ്ശാംകടവ് ഫൊറോന കൾ

   ബാച്ച് 3 – ജൂലായ് 24–26 ഒല്ലൂർ, കൊട്ടേകാട് ഫൊറോനകൾ

3. **പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായുള്ള ഫൊറോനതല അർദ്ധദിന സെമിനാർ :** പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രത്യേക അർദ്ധദിന സെമിനാർ ഫൊറോന തലത്തിൽ സംഘടിപ്പിക്കുന്നു. 1. 30 PM മുതൽ 5. 00 PM വരെ ജൂലൈ മാസത്തിൽ അതത് ഫൊറോനകളിലാണ് ഈ സെമിനാർ സംഘടിപ്പിക്കുന്നത്. എല്ലാ വിദ്യാർഥികളും ഇതിൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുത്തവരുടെ ഹാജർ രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത ക്ലാസുകാർക്ക് ഇടവക വിശ്വാസപരിശീലന യുണിറ്റിൽ ക്ലാസുകൾ അന്നേ ദിവസം നടത്തണമെന്നില്ല. ഫൊറോന പ്രൊമോട്ടറും കാറ്റകെറ്റിക്കൽ കൗൺസിലും കുട്ടികളുടെ അദ്ധ്യാപകരും ഹാജരെടുക്കാനും മറ്റു സഹായങ്ങൾക്കുമായി വരേണ്ടതാണ്.

1. ജൂലായ് 5 ഞായർ – ചേലക്കര, പാലയൂർ, കണ്ടാശ്ശാംകടവ്, കൊട്ടേകാട് ഫൊറോനകളിലെ വിദ്യാർത്ഥികൾക്ക്
2. ജൂലായ് 12 ഞായർ – മറ്റം, ഒല്ലൂർ, എരുമപ്പെട്ടി, പറപ്പൂർ ഫൊറോനകളിലെ വിദ്യാർത്ഥികൾക്ക്
3. ജൂലായ് 19 – പട്ടിക്കാട്, പഴുവിൽ, പുതുക്കാട്, പുത്തൂർ ഫൊറോനകളിലെ വിദ്യാർത്ഥികൾക്ക്
4. ജൂലായ് 26 – ബസിലിക്ക, ലൂർദ്ദ്, വേലൂർ, വടക്കാഞ്ചേരി ഫൊറോനകളിലെ വിദ്യാർത്ഥികൾക്ക്

4. **കാറ്റകിസം ക്രാഷ് കോഴ്സ് :** ഇടവകകളിൽ പ്ലസ് വൺ, പ്ലസ് ടു വിശ്വാസപരിശീലനം നടത്താൻ സാധിക്കാത്തവർക്ക് പഠന സംബന്ധമായ കാരണങ്ങളാൽ സ്ഥലത്തില്ലാത്തതിനാൽ, ഇടവകയിലെ ഞായറാഴ്ച വിശ്വാസപരിശീലന ക്ലാസുകളിൽ സ്ഥിരമായി പങ്കെടുക്കാൻ സാധിക്കാത്ത പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കായി 'കാറ്റകിസം ക്രാഷ് കോഴ്സ്' നടത്തുന്നു. വെള്ളി വൈകീട്ട് അഞ്ചു മുതൽ ഞായർ വൈകീട്ട് അഞ്ചു വരെ ഡിബിസിഎൽസിയിൽ താമസിച്ചുകൊണ്ട് പങ്കെടുക്കുന്ന രണ്ട് ക്യാമ്പുകളിലായി ഈ ക്ലാസുകളിലെ എല്ലാ പാഠങ്ങളും പഠിപ്പിച്ച് പരീക്ഷയും നടത്തി സർട്ടിഫിക്കറ്റ് നല്കുന്നു. അവധിക്കാലത്താണ് ഈ ക്യാമ്പ് നടത്തുക. രണ്ട് ക്യാമ്പുകളിലും മുഴുവൻ സമയവും താമസിച്ച് പങ്കെടുക്കേണ്ടതാണ്. വിശദവിവരങ്ങൾ വാർഷിക പ്രോഗ്രാമിൽ കൊടുത്തിട്ടുണ്ട്. സോഫ്റ്റ്‌വെയറിൽ "Catechism Crash Course" എന്ന പേരിൽ രജിസ്റ്റർ ചെയ്യുകയും ഫോട്ടോ ഉൾപ്പെടെയുള്ള വിവരങ്ങൾ കൃത്യമായി ചേർക്കുകയും വേണം. അപേക്ഷാഫോം ബ്ലോഗിൽ ലഭ്യമാണ്. അപേക്ഷ പൂരിപ്പിച്ച് വികാരിയുടെ ശിപാർശയോടെ രജിസ്ട്രേഷൻ ഫീസിനൊപ്പം സമർപ്പിക്കണം.

## V. സ്കോളർഷിപ്പ് പരീക്ഷ ഫലം

**Class : IV**

| Sl No | Name | Unit | Rank |
|---|---|---|---|
| 1 | ISABEL MARIAM SINOJ | OLLUR MARYMATHA | 1 |
| 2 | HAIN RAPHAEL SOJAN | PERINCHERY | 2 |
| 3 | ANUGRAHA ANTONY | PONGANAMKAD | 3 |
| 4 | ITHAL ROSE JINTO | VARAKKARA SOUTH | 4 |
| 5 | EVIN SANOY | VARAKKARA SOUTH | 5 |

**Class : VII**

| | | | |
|---|---|---|---|
| 1 | GRACELIA P S | KOTTAPADY | 1 |
| 2 | SENORITTA K SEBY | PAZHUVIL | 2 |
| 3 | CRYSTAL GRACE T | ARIMPUR | 3 |
| 4 | JOHANNA P S | VELAPPAYA | 4 |
| 7 | JENILIN JOMI | PAZHUVIL | 5 |

**Class : X**

| | | | |
|---|---|---|---|
| 1 | SHAN MARY SHAJI | KARAMUCK NORTH | 1 |
| 2 | MARIA THERESE T | OLARIKKARA | 2 |
| 3 | JOANNA MARIA | ARUNOLLUR | 3 |
| 4 | FELEN MARIA THARAKAN | ARANATTUKARA | 4 |
| 5 | ANNA ROSE | MARATHAKKARA | 5 |

## VI. സ്കൂൾ കാറ്റക്കിസം

**1. സ്റ്റുഡൻ്റ്സ് സ്റ്റാറ്റിസ്റ്റിക്സ് ഫോം**

ജൂലായ് 31 നുള്ളിൽ സ്റ്റുഡൻ്റ്സ് സ്റ്റാറ്റിസ്റ്റിക്സ് ഫോം ഓഫീസിൽ ഏല്പിക്കേണ്ടതാണ്. സ്റ്റാറ്റിസ്റ്റിക്സ് ഫോമനുസരിച്ചാണ് ഓരോ സ്കൂളിനുമുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത്.

**2. സ്കൂൾ കാറ്റക്കിസം, മോറൽ സയൻസ് അവാർഡ് ദിനം**

ജൂലൈ 11 ശനി ഡി ബി സി എൽ സിയിൽ 02.30 മുതൽ നടക്കുന്നു. സ്കോളർഷിപ്പ് അവാർഡ് ലഭിച്ച എല്ലാ വിദ്യാർത്ഥികളെയും ഈ ദിനത്തിലേക്ക് ക്ഷണിക്കുന്നു.

3. സ്കൂൾ കാറ്റകിസം ആവശ്യങ്ങൾക്കായി 918813131 ഈ നമ്പറിൽ വിളിക്കുക

## സ്കോളർഷിപ്പ് പരീക്ഷ ഫലം

SCHOOL CATECHISM

**Class : IV**

| Sl No | Name | School | Rank |
|---|---|---|---|
| 1 | Aneya Mary Bijoy | Thrissur, Sacred Heart CLPS | 1 |
| 2 | Adhiya Mathew | Thrissur, Sacred Heart CLPS | 2 |
| 3 | Aimrin Dona | Kandassankadavu, SH of MCLPS | 3 |

**Class : VII**

| | | | |
|---|---|---|---|
| 1 | Irene Thomas T | Pavaratty, Christ King CGHS | 1 |
| 2 | Evangelin Rose | Mammiyur, Lfcup School | 2 |
| 3 | Minna Mariya | Cheralayam, Holy Child CGUPS | 3 |

**Class : X**

| | | | |
|---|---|---|---|
| 1 | Aneena Maria | Ollur, St.raphael's CGHS | 1 |
| 2 | Jesliya Jestian | Valapad, Carmel Central School | 2 |
| 3 | Ansa Mariya C B | Westfort, St.annes CGHS | 3 |

**Moral Science**

Class : IV

| Sl. No.Name | School | Rank |
|---|---|---|
| 1. Krishnaprasad C.s | Perinchery, LFLPS | 1 (KCBC 2 Rank) |
| 2. Arush P | Thrissur, Sacred Heart CLPS | 2 |
| 3. Akshara K S | Nadathara, Holy Redeemer CLPS | 2 |
| 4. Aradhya Ranjith | Thrissur, Sacred Heart CLPS | 3 |
| 5. Sowparnika K S | Engandiyur, St. Thomas,LPS | 3 |

**Class : VII**

1. Abhinav Krishna C Umanalur,
   St. Teresa's Ups — 1 (KCBC 2 Rank)
2 . Ardra P S
   Thrissur, Sacred Heart CGHS — 2 (Kcbc 3 Rank)
3. Nidhia V S
   Kandassankadavu, SH Of MCGHS — 3
4. Anupallavi E R
   Thrissur, Sacred Heart CGHS — 3

**Class : X**

| | |
|---|---|
| 1 Rithulakshmi P V St.theresa's Ghs Brahmakulam, | 1 (KCBC 1 Rank) |
| 2 Nivyamol Nirmal, Nellikkunnu, St.sebstian's CGHS | 2 (KCBC 2 Rank) |
| 3. Nivedhya K M, Brahmakulam, St.theresa's GHS | 3 |
| 4 Aiswarya Ms, Choondal, Lighs | 3 |
| 5 Sreelakshmi Chandran Pavaratty, Christ King Cghs | 3 |
| 6 Hisana Sherin V, Ponnani,Vijayamatha Emhss | 3 |
| 7 Gourinanda K Thrissur, Sacred Heart Cghs | 3 |

8 Ashna P B, Valapad, Carmel Central School (Eng. kcbc 3 Rank)

Class : Xii

1 Diya Fathima Pm, Mammiyur, LFCGHSS 1 (Kcbc 3 Rank)

2 Ashlin Rose T Robi, Chembukkavu, Holy Family CGHSS 2

3 Parvathy PB, Mammiyur, LFCGHSS 2

4 Neha E R, Thrissur, St.Clare's CGHSS 2

5 Aleena Antony, Thrissur, St. Clare's CGHSS 3

**അഭിനന്ദനങ്ങൾ.......**

**ഫാ. സൈജോ തൈക്കാട്ടിൽ**, ഡയറക്ടർ

**ഫാ. ഫ്രാൻസൊ തെക്കത്ത്,** അസി. ഡയറക്ടർ

## എക്സൽ അക്കാദമി

Civil service courses **(സിവിൽ സർവീസ് കോഴ്സ്)**

സിവിൽ സർവീസ് കോച്ചിംഗ് ഡെയിലി ആൻഡ് വീക്കെൻഡ് ക്ലാസുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു. തിങ്കൾ മുതൽ വെള്ളിവരെ ഡെയിലി ബാച്ചുകളും ശനി ഞായർ വീക്കെൻഡ് ബാച്ചുകളും ജൂൺ മാസത്തിൽ ആരംഭിക്കുന്നു.

ഡിഗ്രി കഴിഞ്ഞ വിദ്യാർത്ഥികൾക്കും, പിജി വിദ്യാർത്ഥികൾക്കും അഡ്മിഷൻ എടുക്കാവുന്നതാണ്.

പ്രധാനമായും നാല് വർഷത്തെ ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷയ്ക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തിയാക്കുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്. താല്പര്യമുള്ള വിദ്യാർത്ഥികൾ എക്സൽ അക്കാഡമി ഓഫീസിൽ ബന്ധപ്പെടുക. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ അഭ്യർത്ഥന പ്രകാരം യോഗ്യരായ വിദ്യാർത്ഥികൾക്ക് ഭാഗികമായ ഇളവ് ന ൽകുന്നതാണ്. താല്പര്യമുള്ളവർ രജിസ്ട്രേഷനായി ജൂൺ 20 ന കം എക്സൽ അക്കാദമിയിൽ ബന്ധപ്പെടുക

**Excel Foundation Course**

അതിരൂപതയിലെ 8, 9, 11 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന്/ ഉയർന്ന പരീക്ഷകൾക്ക് അടിസ്ഥാനമിടുക എന്നാണ് ഈ കോഴ്സിന്റെ ഉദ്ദേശം. ഒരു വർഷത്തെ തുടർ പഠന പരിപാടി (ഫൗണ്ടേഷൻ കോഴ്സ്) എക്സൽ അക്കാദമിയിൽ ജൂൺ മാസത്തിൽ ആരംഭിക്കുന്നു.

**Coaching Centre for Minority Youth (ന്യൂനപക്ഷവകുപ്പ്** PSC **സൗജന്യ പരിശീലനം)**

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ക്ലാസ്സുകൾ നടത്തുന്നത് തൃശ്ശൂർ സെന്റ്. തോമസ് കോളേജ് ജൂബിലി ബ്ളോക്കിൽ ആണ്. ക്ലാസ്സുകളിൽ പ്രവേശിക്കാൻ താത്പര്യമുള്ളവർ തൃശ്ശൂർ ആർച്ച്ബിഷപ്പ് ഹൗസ് ഡി. ബി. സി. എൽ. സി. കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൽ അക്കാഡമിയിൽ ബന്ധപ്പെടുക. പഠനം തികച്ചും സൗജന്യമാണ്. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. അഡ്മിഷൻ ജൂൺ 20 വരെ.

**ഫാ. സൈജോ തൈക്കാട്ടിൽ**

ഡയറക്ടർ

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന
ഫോൺ നമ്പറിൽ ബന്ധപ്പെടുക.
Excel Academy: 9744941585
Prof. Dr. Mani K Peter Academic Head: 9847235070
Ashik Thomas Administrative & Technical Support: 7907326322

# INSTITUTE OF THEOLOGY
## TRICHUR D B C L C
**(Phone : 0487- 2333245, Mob : 9188131341)**

**1. കോഴ്സ്സുകൾ**

**a. B.A. in Theology and Religious Studies (Three Years)**

രണ്ടാം സെമസ്റ്ററിലെ Role of the Laity in Pastoral Work in the Indian Context (Rev. Dr. Shijo Chiriyankandath) Theology of Sacramentals (Rev. Dr. Johnson Chittilappilly) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു. സെക്കന്റ് സെമസ്റ്ററിലെ Exams നടന്നു. പുതിയ ബാച്ച് ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു.

**b. Certificate Course in Theology (One Year)**

മെയ് 03, 17, 31 തിയ്യതികളിൽ സുവിശേഷങ്ങൾ (Rev. Dr. Dijo Olakkengil), രണ്ടാം വത്തിക്കാൻ കൗൺസിൽ (Rev. Dr. Paul Pulikkan), സഭാവിജ്ഞാനീയം (Rev. Dr. Saijo Thaikkattil), എന്നീ വിഷയങ്ങളുടെ ക്ലാസ്സ് നടന്നു.

**c. Certificate Course on Sacred Liturgy**

മെയ് 03, 17, 24, 31 തിയ്യതികളിൽ സീറോ മലബാർ കുർബാനയുടെ ആദ്ധ്യാത്മികത (Rev. Dr. Johnson Chittilapplly), വിശുദ്ധ കലകളും ദേവാലയ നിർമ്മിതിയും, ലാറ്റിൻ കുർബാനയുടെ ഘടനയും ദൈവശാസ്ത്രം (Rev. Dr. Xavier Christi OFM Cap), വിശുദ്ധ കുർബാനയിലെ മാലാഖമാരുടെ സാന്നിധ്യം (Rev. Dr. Sinto Porathur) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**d. Certificate Course on the Life in Holy Spirit**

മെയ് 03, 10, 17, തിയ്യതി പരിശുദ്ധാത്മാവിലുള്ള ജീവിതം: കുടുംബവും സമർപ്പിതജീവിതവും (Rev. Dr.Twinkle Vazhzpilly), പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ I (Rev. Dr. Saijo Thaikkattil), പരിശുദ്ധാത്മാവിലുള്ള ജീവിതം: പരിശുദ്ധാത്മാവിലുള്ള വളർച്ച (Rev. Dr. Pradeepa CMC) എന്ന വിഷയത്തിന്റെ ക്ലാസ് നടന്നു.

**f. Catechism of the Catholic Church (CCC)**

മെയ് 10, 24 തിയ്യതികളിൽ The Holy Spirit, The Church, & Mary (Rev. Dr. Jiso Kuttikkatt), Jesus Christ: The Incarnation & Redemption (Rev. Dr.Sebastian Chalakkal), The Liturgy & The Sacraments Of Initiation (Rev. Dr.Aljo Karerakkattil) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**g. Certificate Course on Guidance and Counselling**

മെയ് 10, 24 തിയ്യതികളിൽ Family Dynamics & Counselling (Rev. Dr. Joby Kadappuran), Case Study (Rev. Dr. Alex Marottickal) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**2. ജൂൺ മാസത്തിൽ ആരംഭിക്കുന്ന കോഴ്സ്സുകൾ**

1. B.A. in Theology and Religious Studies
2. Certificate Course on Theology
3. Advanced Certificate Course on Theology
4. Certificate Course on Theology (Online)
5. Certificate Course on Sacraments and Sacramentals
6. Certificate Course on Sacred Liturgy
7. Guidance and Counselling
8. Certificate Course on Theology of the Holy Spirit

**ഫാ. സൈജോ തൈക്കാട്ടിൽ**, ഡയറക്ടർ

**ഫാ. ഫ്രാൻസോ തെക്കത്ത്**, ഡീൻ & രജിസ്ട്രാർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ഡോ. ഫ്രാൻസിസ് ആലപ്പാട്ടച്ചനെ അനുസ്മരിച്ച് ജൂബിലിയിൽ വികാരനിർഭരമായ സംഗമം**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സ്ഥാപക ഡയറക്ടറായ ഡോ. ഫ്രാൻസിസ് ആലപ്പാട്ടച്ചന്റെ വിയോഗത്തോടനുബന്ധിച്ച് നടത്തിയ അനുസ്മരണ പരിപാടി വികാരനിർഭരമായി. സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖരും സഹപ്രവർത്തകരും വിദ്യാർത്ഥികളും പങ്കെടുത്ത ചടങ്ങ് അദ്ദേഹത്തിന്റെ മഹത്തായ സേവനങ്ങളെ ഓർമ്മപ്പെടുത്തുന്നതായി മാറി. 1998 മുതൽ 2010 വരെ ജൂബിലി മിഷന്റെ ഡയറക്ടറായി സേവനമനുഷ്ഠിച്ചിരുന്ന ആലപ്പാട്ടച്ചൻ സ്ഥാപനത്തിന്റെ വളർച്ചക്കും സാമൂഹ്യസേവന പ്രവർത്തനങ്ങൾക്കും നിർണായകമായ സംഭാവനകൾ നൽകിയ വ്യക്തിത്വമായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് ജൂബിലി മെഡിക്കൽ കോളേജും നേഴ്സിങ്ങ് കോളേജും രൂപം കൊണ്ടത്. രക്തദാനവും ഡയാലിസിസ് സേവനങ്ങളും കേരളത്തിൽ പുതുമയാർന്ന തലത്തിലേക്ക് ഉയർത്തുന്നതിൽ അദ്ദേഹം നിർണായക പങ്ക് വഹിച്ചു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഡയാലിസിസ് രോഗികൾക്ക് സൗജന്യ ഡയാലിസിസ് ആരംഭിച്ചതും പാമ്പുകടിയേറ്റ എല്ലാ രോഗികൾക്കും ജൂബിലിയിൽ സൗജന്യ ആന്റിവെനം നൽകാനുള്ള സംവിധാനം ഒരുക്കിയതും അദ്ദേഹത്തിന്റെ മനുഷ്യസ്നേഹത്തിന്റെ തെളിവുകളാണ്. കൂടാതെ രോഗികൾക്ക് സൗജന്യ ഭക്ഷണവും പീഡിയാട്രിക് വിഭാഗത്തിലെ കുട്ടികൾക്ക് സൗജന്യമായി പാലും മുട്ടയും നൽകുന്ന പദ്ധതിയും ആരംഭിച്ചു. Give Eyes Gift Sight', 'Give Blood Save Life', എന്നീ സന്ദേശങ്ങൾ വ്യാപകമായി സമൂഹത്തിൽ പ്രചരിപ്പിച്ച അദ്ദേഹം തീപൊള്ളൽ ചികിത്സയിൽ ജൂബിലിയെ ഒരു മികച്ച കേന്ദ്രമായി ഉയർത്തിയതും ശ്രദ്ധേയമാണ്. അമ്പത്തിമൂന്ന് പുസ്തകങ്ങൾ രചിച്ച അദ്ദേഹം അറിവിന്റെ പ്രചാരണത്തിലും ശ്രദ്ധേയമായ സംഭാവനകൾ നൽകി. മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷനായ ചടങ്ങിൽ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ചു. മന്ത്രി കെ. രാജൻ മുഖ്യ അനുസ്മരണപ്രസംഗം നടത്തി. മാർ ടോണി നീലങ്കാവിൽ, എം.എൽ.എ. സി. ബാലചന്ദ്രൻ, മേയർ നിജി ജസ്റ്റിൻ, ഫ്‌ളോറ ഗ്രൂപ്പ് ചെയർമാൻ ശ്രീ. വി. എ. ഹസ്സൻ, മണപ്പുറം ഗ്രൂപ്പ് ചെയർമാൻ ശ്രീ. വി. പി. നന്ദകുമാർ, പുളി

മൂട്ടിൽ സിൽക്ക്സ് എം. ഡി. ശ്രീ. എബ്രഹാം ചാക്കോ, ജൂബിലി മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ്, ജൂബിലി ഫ്രറ്റേണിറ്റി പ്രസിഡണ്ടും സത്സംഗ് സെക്രട്ടറിയുമായ ശ്രീ. സോളി തോമസ്, ശ്രീ. ഫ്രാൻസിസ് എ. വി., ശ്രീ. ടി. എസ്. പട്ടാഭിരാമൻ, ശ്രീ. ജോസ് ആലുക്കാസ്, ശ്രീ. ജോയ് ആലുക്കാസ്, ശ്രീ. രാജൻ പല്ലൻ, ശ്രീ. സേവി തെക്കത്ത്, കൗൺസിലർ ശ്രീ. ബൈജു വർഗ്ഗീസ്, ബാച്ച് മേറ്റ്സ്, കുടുംബാംഗങ്ങൾ എന്നിവർ ഉൾപ്പെടെ അനുസ്മരണയോഗത്തിൽ സംസാരിച്ചവർ അദ്ദേഹത്തിന്റെ സമർപ്പണബോധവും കരുണയും സമൂഹനന്മയ്ക്കായുള്ള ദീർഘദർശിത്വവും അനുസ്മരിച്ചു.

**മായാതെ പാൽപുഞ്ചിരി കാത്തവർക്ക്**
**മധുരവും ആനന്ദകണ്ണീരുമായി ഷഹാന**

മാഞ്ഞുപോകുമായിരുന്ന പാൽപുഞ്ചിരി കോരിയെടുത്ത് പുതുജീവനേകിയപ്പോൾ കുഞ്ഞിപ്പൈതലിനും അമ്മക്കും മാത്രമല്ല ഉറ്റവർക്കെല്ലാം അവിശ്വസനീയമായ ആഹ്ലാദം. ഗർഭാശയത്തിൽ 21 ആഴ്ച്ച മാത്രം വളർച്ചയുള്ള കുഞ്ഞ് പുറത്തുവരാറായി ഗുരുതരാവസ്ഥയിൽ തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ എത്തിച്ച ഇരുപത്തിമൂന്നുകാരിയായ ഗർഭിണി ഷഹാനക്കും ഇത് പുതുജന്മം. ഇരുപത്തിമൂന്നാം ആഴ്ച്ചയിൽ ജനിച്ച കുഞ്ഞ് നവജാതശിശു തീവ്രപരിചരണ വിഭാഗത്തിൽ 120 ദിവസത്തെ പരിചരണത്തിനുശേഷം പൂർണ ആരോഗ്യത്തോടെ ഇക്കഴിഞ്ഞ ദിവസം വീട്ടിലേക്ക് മടങ്ങി..

**പൂരം എക്സിബിഷനിൽ ജൂബിലി മിഷൻ മെഡിക്കൽ**
**പവലിയൻ ഉദ്ഘാടനം ചെയ്തു.**

തൃശ്ശൂർ പൂരം എക്സിബിഷനിൽ മെഡിക്കൽ പവലിയൻ ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ആശുപത്രിയുടെ എഴുപത്തഞ്ചാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സജ്ജീകരിച്ചിരിക്കുന്ന പവലിയൻ ആരോഗ്യബോധവത്കരണത്തിന് പ്രാധാന്യം നൽകുന്നതാണ്. പവിലിയന്റെ ഉദ്ഘാടനം മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു.

**ചേർപ്പ് ഗ്രാമപഞ്ചായത്തിൽ ജൂബിലി മിഷന്റെ കെയർ കാർഡ്**
**പദ്ധതി ആരംഭിച്ചു.**

ജൂബിലി മിഷൻ ആശുപത്രിയുടെ എഴുപത്തഞ്ചാം വാർഷികത്തോടനുബന്ധിച്ച് നടത്തുന്ന 75 പൊതുജനക്ഷേമ പരിപാടികളുടെ ഭാഗമായി ചേർപ്പ് ഗ്രാമപഞ്ചായത്തിലെ വാർഡ് മെമ്പർമാർക്ക് 'ജൂബിലി കെയർ കാർഡ്' വിതരണം ചെയ്തു. മെമ്പർമാരിൽ നിന്ന് കെയർ കാർഡ് കൈപറ്റി, ജൂബിലിയിൽ അഡ്മിറ്റാകുന്ന ചേർപ്പ് ഗ്രാമപഞ്ചായത്തിലെ രോഗികൾക്ക് മുപ്പത് ശതമാനം ഇളവ്

ലഭിക്കുന്നതാണ്. വാർഡിൽ അഡ്മിറ്റാകുന്ന രോഗികൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക.

**നേഴ്സിങ്ങ് ബിരുദദാന ചടങ്ങ് നടന്നു.**

നേഴ്സിങ്ങ് കോളേജിലെ 19-ാം ബാച്ച് ബി.എസ്.സി. നേഴ്സിങ്ങ് വിദ്യാർത്ഥികളുടേയും 9-ാം ബാച്ച് എം.എസ്.സി. വിദ്യാർത്ഥികളുടേയും ബിരുദദാന ചടങ്ങ് നടന്നു. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങ് മിനിസ്ട്രി ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയറിന്റെ നേഴ്സിങ്ങ് അഡ്വൈസർ ഡോ. ദീപിക സിസിൽ ഉദ്ഘാടനം ചെയ്തു. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ ഡീനും അമല നേഴ്സിങ്ങ് കോളേജിന്റെ പ്രിൻസിപ്പാളുമായ പ്രൊഫ. ഡോ. രാജി രഘുനാഥ് ബിരുദദാനം നിർവ്വഹിച്ചു.

**'സേഫ് മദർ ഹുഡ് ഡേ' ആചരിച്ചു**

സേഫ് മദർ ഹുഡ് ഡേ (സുരക്ഷിത മാതൃത്വദിനം) ആഘോഷിച്ചു. അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര അധ്യക്ഷത വഹിച്ച ചടങ്ങ് തൃശ്ശൂർ അതിരൂപത വികാരി ജനറൽ ഫാ. ജെയ്സൺ കൂനംപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ് ആശംസാപ്രസംഗം നടത്തി. ഡോ. അശ്വത്ത് കുമാർ, ഡോ. നീത ജോർജ്ജ് എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. ഗർഭിണികളെയും സമീപകാലത്ത് അമ്മമാരായവരെയും ചടങ്ങിൽ ആദരിച്ചു.

**മോൺ. മാത്യു മുരിങ്ങാത്തേരി സ്മാരക ദേശീയ ഹെൽത്ത് കെയർ മിഷനറി അവാർഡിനുള്ള നോമിനേഷൻ സ്വീകരിക്കുന്നു.**

ജൂബിലി മിഷൻ ആശുപത്രിയുടെ സ്ഥാപക ഡയറക്ടറായ മോൺ. മാത്യു മുരിങ്ങാത്തേരിയുടെ പേരിൽ ഏർപ്പെടുത്തിയ 'മോൺ. മാത്യു മുരിങ്ങാത്തേരി ഹെൽത്ത് കെയർ മിഷനറി' അവാർഡിനായുള്ള നോമിനേഷൻ സ്വീകരിക്കുന്നു. ദേശീയ തലത്തിൽ ആരോഗ്യമേഖലയിൽ ത്യാഗോജ്ജ്വലമായി നിസ്വാർഥതയോടെ മിഷനറി കാഴ്ച്ചപാടിലുള്ള പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണിത്. മോൺ. മുരിങ്ങാത്തേരി, ഡോ. ഏഡൻവാല എന്നിവരുടെ സ്മരണക്കായി നടത്തിവരുന്ന പെലിക്കാനസ് 2026 എന്ന ചടങ്ങിൽ അവാർഡ് സമ്മാനിക്കും. അമ്പതിനായിരത്തൊന്ന് രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. നോമിനേഷൻ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും https:/jmmcri.org/events.html/7 എന്ന ലിങ്ക് സന്ദർശിക്കാവുതാണ്. ആരോഗ്യമേഖലയിൽ സ്തുത്യർഹമായി മനുഷ്യസ്നേഹത്തേയും

സേവനമനോഭാവത്തേയും മുൻനിർത്തി വ്യക്തിപരമായ ലാഭനഷ്ടങ്ങളെ പരിഗണിക്കാതെ രോഗികളുടേയും സമൂഹത്തിന്റെയും ക്ഷേമത്തിനായി സമർപ്പിതമായി മിഷനറി കാഴ്ച്ചപ്പാടിൽ പ്രവർത്തിക്കുന്ന അമ്പത് വയസ്സിന് മുകളിൽ പ്രായമുള്ള ഇന്ത്യൻ പൗരന്മാർക്ക് സ്ഥാപനങ്ങൾ വഴിയോ, മറ്റുള്ളവർ വഴിയോ നാമനിർദ്ദേശപത്രിക സമർപ്പിക്കാവുന്നതാണ്. നാമനിർദ്ദേശപത്രിക 2026 മെയ് 31-ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- മൊണാർക്ക് കുറീസ് പ്രൈ. ലിമിറ്റഡ്, തൃശ്ശൂർ
- ആനി ഫ്രാൻസിസ്, ചൂണ്ടൽ ഹൗസ്, മുക്കാട്ടുകര, തൃശ്ശൂർ
- വൈ.എം.സി.എ, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ജോൺ, ജോമോൻ, ജെസ്സീക്ക
- സെന്റ് ജോസഫ്സ് ചർച്ച്, സ്നേഹപുരം (കെ.സി.വൈ.എം.), തൃശ്ശൂർ
- ആൽവിൻ ജെറി, കുരിയച്ചിറ, തൃശ്ശൂർ
- ജോസഫ് സി. വി, ചാലിശ്ശേരി, വലപ്പാട്, തൃശ്ശൂർ
- സെന്റ് ജോൺ ബോസ്കോ ചർച്ച്, മരിയാപുരം, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**

ഡയറക്ടർ

## മഹാജൂബിലി ട്രെയിനിംങ്ങ് കോളേജ്, മുള്ളൂർക്കര

**വാലുവേഷൻ ക്യാമ്പ്**

കോളേജിലെ അധ്യാപകർ മെയ് 18 മുതൽ ആരംഭിച്ച നാലാം സെമസ്റ്റർ ബി.എഡ് പരീക്ഷയുടെ വാലുവേഷൻ ക്യാമ്പിൽ വിവിധ വിഷയങ്ങളിലെ ഉത്തരക്കടലാസുകളുടെ മൂല്യനിർണയ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

**ഫാക്കൽട്ടി ഡെവലപ്പ്മെന്റ് പ്രോഗ്രാം**

